# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാവക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ് എടിഎസ്ആർ(എം 2)337/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചാവക്കാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെഎസ് എടിഎസ്ആർ(എം 2)337/22 തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 77 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 63 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 23-02-2022 | 05-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-02-2022 | 05-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശിവൻ പി.എ., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
2) ബേബി.പി.വി. ഓഡിറ്റ് ഓഫീസർ
3) മീര.ടി., ഓഡിറ്റ് ഓഫീസർ
4) ജോമോൻ ഇ.കെ,അസി.ഓഡിറ്റ് ഓഫീസർ
5) അനീറ്റ ഡൊമനിക്, ഓഡിറ്റർ
6) രേഖ ഇ.സി.,ഓഡിറ്റർ
7) സ്വാലിഹ്. സി.പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. കെ. അക്ബർ | ചെയർമാൻ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 12-11-2020 | 27-12-2020 |

| | | | |
|---|---|---|---|
| ഷീജ പ്രശാന്ത് | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| വിശ്വനാഥൻ കെ.ബി. | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഫാത്തിമ പി.എ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 01-11-2020 |
| ജിബിന എം.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2020 | 31-03-2021 |
| ഡോ.ശ്രീവിദ്യ എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| മനോജ് ടി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 23-12-2020 |
| സുധീർ പി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 24-12-2020 | 31-03-2021 |
| നാസർഖാൻ കെ.എൻ. | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2020 | 31-05-2020 |
| ജിഷ എം ഡി (ഇൻ ചാർജ്) | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-06-2020 | 21-06-2020 |
| ഷീജ വി | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 22-06-2020 | 31-03-2021 |
| വാസുദേവൻ സി.എൻ | എസ്.സി.ഡി.ഒ. | 01-04-2020 | 31-03-2021 |
| പോൾ തോമസ് വി. | ഹെൽത്ത് ഓഫീസർ | 01-04-2020 | 10-06-2020 |
| ഷെമീർ എം.(ഇൻ ചാർജ്) | ഹെൽത്ത് ഓഫീസർ | 11-06-2020 | 14-06-2020 |
| സക്കീർ ഹുസൈൻ വി പി | ഹെൽത്ത് ഓഫീസർ | 15-06-2020 | 31-03-2021 |
| ഡോ. ശ്രീജ | സൂപ്രണ്ട്, താലൂക്ക് ഹോസ്പ്പിറ്റൽ | 01-04-2020 | 31-03-2021 |
| മനോജ്കുമാർ എ.വി. | എച്ച്.എം. ജി.എച്ച്.എസ് | 01-04-2020 | 30-05-2020 |
| അജിത ജി എസ് | എച്ച്.എം. ജി.എച്ച്.എസ് | 01-06-2020 | 31-03-2021 |
| ഗീതാകുമാരി സി.എസ്. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 16-08-2020 |
| ബിനയ് ബോസ് | മുനിസിപ്പൽ എഞ്ചിനീയർ | 17-08-2020 | 02-11-2020 |
| സുനിൽകുമാർ എം വി | മുനിസിപ്പൽ എഞ്ചിനീയർ | 03-11-2020 | 07-01-2021 |
| റിഷ്മ പി വി | മുനിസിപ്പൽ എഞ്ചിനീയർ | 08-01-2021 | 31-03-2021 |
| ശാന്ത ടി.എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ജെസ്സി ടി.ജെ. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഗ്രേസി ഇ. എ. | എച്ച്.എം.യു.പി.എസ് | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| ലിസ്സി ടി വി | എച്ച്.എം.യു.പി.എസ് | 01-06-2020 | 31-03-2021 |
| ഷെമീർ എം. | പ്രൊജക്ട് ഓഫീസർ (യു.പി.എ.സി.) | 01-04-2020 | 22-06-2020 |
| ലളിത സി എൻ | പ്രൊജക്ട് ഓഫീസർ (യു.പി.എ.സി.) | 23-06-2020 | 31-03-2021 |
| ഡോ.രഞ്ജി ജോൺ ഇ. | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-05-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: P.V.Baby (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 24-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-05-2022) | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-05-2022) | 1-11 |
| 12 | വസ്തു നികുതി ഡിസിബി പത്രിക ഹാജരാക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-1 |
| 13 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-2 |
| 14 | 431910100-ശീർഷകത്തിലെ തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-11-3 |
| 15 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Meera T (Audit Officer, On 13-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-11-4 |
| 16 | ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി സി ബി തയ്യാറാക്കുന്നില്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-5 |
| 17 | മുൻകൂർ തുക ലഭിച്ചത് - രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-6 |
| 18 | സാംഖ്യ സോഫ്റ്റ്വെയറിൽ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-7 |
| 19 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് | 1-11-8 |

| | | |
|---|---|---|
| | ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Meera T (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | |
| 20 | ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 25-05-2022) | 1-11-9 |
| 21 | തൊഴിലുറപ്പ് പദ്ധതി - രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-10 |
| 22 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-11 |
| 23 | ഡെപ്പോസിറ് രജിസ്റ്റർ ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 25-05-2022) | 1-11-12 |
| 24 | ലേലം രജിസ്റ്ററിൽ ഡി.സി ബി പൂർണമല്ല<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 25-05-2022) | 1-11-13 |
| 25 | വരവ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 25-05-2022) | 1-11-14 |
| 26 | IHSDP പ്രൊജക്റ്റ് - അക്കൗണ്ടിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-15 |
| 27 | സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-11-16 |
| 28 | രസീതുകളുടെ പരിപാലനം - അപാകതകൾ.<br>Written By: Anita Dominic (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-12 |
| 29 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം അടവാക്കുന്നതിൽ കാലതാമസം<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-13 |
| 30 | നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-14 |
| 31 | തൊഴിൽനികുതി<br>Written By: REKHA E.C. (Auditor, On 06-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-15 |
| 32 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 10-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-16 |
| 33 | റെഗുലറൈസേഷൻ ഫീ പെർമിറ്റ് ഫീസിനോട് ചേർത്ത് വാർഷിക കണക്ക തയ്യാറാക്കുന്നു<br>Written By: REKHA E.C. (Auditor, On 06-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-17 |
| 34 | ബൈലോകൾക്ക് സർക്കാർ അംഗീകാരം നേടേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 25-05-2022) | 1-18 |
| 35 | കടമുറി വാടക - അപാകതകൾ<br>Written By: REKHA E.C. (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-19 |
| 36 | ലേലം-പൂർണ തുക അടവാക്കിയില്ല<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-20 |
| 37 | തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-21 |

| | | |
|---|---|---|
| 38 | മൊബൈൽ ടവറുകൾ - വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു.<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-22 |
| 39 | അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശികകൾ ഈടാക്കുന്നില്ല.<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-23 |
| 40 | ലൈസൻസ് ഇല്ലാതെ ആയുർവേദസുഖ ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-24 |
| 41 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ ടോക്കൺ മെഷീൻ വാങ്ങൽ പദ്ധതി - യു.പി.എസ് ലഭ്യമാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 14-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-25 |
| 42 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതിയിലെ അപാകതകൾ<br>Written By: P.V.Baby (Audit Officer, On 15-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-26 |
| 43 | വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-27 |
| 44 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-28 |
| 45 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണം.<br>Written By: Jomon E K (Asst. Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-29 |
| 46 | മുൻകൂർ യഥാസമയം ക്രമപ്പെടുത്തിയില്ല, ചെലവ് രേഖകൾ (2020 -21) ഹാജരാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 10-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-30 |
| 47 | ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: P.V.Baby (Audit Officer, On 10-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-31 |
| 48 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2020 -21വർഷത്തെ വിവിധ പദ്ധതികളിലെ അപാകതകൾ.<br>Written By: P.V.Baby (Audit Officer, On 10-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-32 |
| 49 | കണ്ടിജൻസി ചെലവുകൾ - ചെലവഴിക്കാത്ത തുക അടവാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 10-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-33 |
| 50 | അഗതി രഹിത കേരളം - ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്.<br>Written By: P.V.Baby (Audit Officer, On 10-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-34 |
| 51 | മത്സ്യ വില്പനക്ക് മോട്ടോർസൈക്കിളും ഐസ്ബോക്സും -സബ്സിഡി അധികം നൽകി<br>Written By: Meera T (Audit Officer, On 11-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-35 |
| 52 | ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പദ്ധതികൾ-അപാകതകൾ<br>Written By: Meera T (Audit Officer, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-36 |
| 53 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ -ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ 6,37,442 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Meera T (Audit Officer, On 11-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-37 |
| 54 | തനതു ഫണ്ട് - ചെലവു രേഖകൾ ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു<br>Written By: Meera T (Audit Officer, On 11-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-38 |
| 55 | ABC പ്രോഗ്രാം-വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-06-2022) | 1-39 |
| 56 | ഷീ സ്റ്റേ ,നിർമ്മാണം അപാകതകൾ.<br>Written By: Jomon E K (Asst. Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-40 |

| | | |
|---|---|---|
| 57 | ലീഗൽ ചാർജ്ജസ്- സ്രോതസ്സിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല. സാധൂകരണം തേടിയിട്ടില്ല.സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-41 |
| 58 | വാഹന പരിപാലനം അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-42 |
| 59 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-43 |
| 60 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-44 |
| 61 | സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-45 |
| 62 | ജിയോടാഗിങ്ങ് നടപടികൾ പൂർത്തിയാക്കണം<br>Written By: Jomon E K (Asst. Audit Officer, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-46 |
| 63 | മരാമത്ത് പദ്ധതി പ്രവർത്തനങ്ങളും പൊതിനിരീക്ഷണങ്ങളും<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-47 |
| 64 | ചമച്ചിട്ടുള്ള കരാറുകൾ ആധികാരികമല്ല<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-48 |
| 65 | സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-49 |
| 66 | നഗരസഭാ ഹാളില ടൈലുകൾ പൊളിഞ്ഞുപോയത് - കേടുപാടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-50 |
| 67 | കാർപെറ്റിങ്, വിനൈൽ ഫ്ലോറിങ് നടത്തിയത്-ദീർഘകാലം ഈടു നിൽക്കുന്നവയല്ല<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-51 |
| 68 | വനിതകൾക്കുള്ള ഷോപ്പിങ് കെംപ്ലക്സ് വൈദ്യുതീകരണം - തനതുഫണ്ട് ചെലവ് ക്രമീകരിച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-52 |
| 69 | ബിറ്റുമിൻ,ഇമൽഷനുകൾ വാങ്ങിയത് അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-53 |
| 70 | ഷീ സ്റ്റേ ഷോപ്പിങ് കോംപ്ലക്സ്, വനിതാ ഹോസ്റ്റൽ-വാടകക്ക് നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-54 |
| 71 | UIDSSMT-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 01-07-2022) | 1-55 |
| 72 | തൊഴിലുറപ്പുപദ്ധതിപ്രവർത്തനം<br>Written By: P.A.Sivan (Audit Officer, On 14-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 1-56 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മത്സ്യ വില്പനക്ക് മോട്ടോർസൈക്കിളും ഐസ്ബോക്സും -സബ്സിഡി അധികം നൽകി<br>Written By: Meera T (Audit Officer, On 15-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 12-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Swalih C.P (Auditor, On 13-03-2022)<br>Last Updated By: Sudha Das (Joint Director, On 01-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 24.03.2020, തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 830266280 | 833855600 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 23.02.2021, തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 531578859 | 522567077 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 03-08-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,43,00,173 |
| വരവ് | 26,26,34,687 |
| ആകെ | 32,69,34,860 |
| ചെലവ് | 27,97,97,305 |
| നീക്കിയിരിപ്പ് | 4,71,37,555 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACRപ്രകാരം) | 0 | 61865715 | 61865715 | 48808675 | 13057040 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3451099 | 3451099 | 3380504 | 70595 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 21486900 | 21486900 | 21486900 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 11642046 | 11642046 | 11533338 | 108708 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | 0 | 74006192 | 74006192 | 39791860 | 34214332 |
| സിഎഫ് സി ടൈഡ് | 0 | 29330000 | 29330000 | 19083139 | 10246861 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 353 | 337399870 | 223 | 174566898 | 82 | 48 | 63.17 % |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ + ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 3922184 | 5066781 | 8988965 | 6752964 | 2236001 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 646900 | 272 |
| വിധവാപെൻഷൻ | 27076800 | 10297 |
| വാർദ്ധക്യകാലപെൻഷൻ | 47756400 | 18940 |
| വികലാംഗപെൻഷൻ | 5806100 | 2291 |
| അവിവാഹിത പെൻഷൻ | 2207000 | 844 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 480000 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022 തീയതിയിൽ 3 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,76,084/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകുന്ന കാര്യത്തിൽ വളരെ ക്രിയാത്മകമായ സമീപനമാണ് സ്ഥാപനം പുലർത്തിയിട്ടുള്ളത്. ഗ്രാന്റ് രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വരവ് രജിസ്റ്ററുകൾ മുൻകൂർ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവ കാലികമായി സൂക്ഷിക്കേണ്ടതുണ്ട്. നഗരസഭാ ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിക്കുമ്പോഴോ, സ്ഥലം മാറിപ്പോകുകയോ ചെയ്താൽ ആ ഉദ്യോഗസ്ഥരുടെ ചുമതലകൾ മറ്റുദ്യോഗസ്ഥർക്ക് യഥാസമയം വിഭജിച്ചുനൽകേണ്ടതാണ്. നഗരസഭയുടെ വരവിനങ്ങൾ, ചെലവിനങ്ങൾ, പദ്ധതിപ്രവർത്തനങ്ങൾ എന്നിവയിൽ കാണപ്പെട്ട അപാകതകൾ അതതു ഖണ്ഡികകളിൽ ഉൾപെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| . | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.04.2016 മുതൽ 22.04.2016 വരെ | 2015-16 | വിവരം ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 21.02.2019 മുതൽ 07.03.2019 വരെ | 2015-16 മുതൽ 2017-18 വരെ | 20.04.2019 |

## 1-11 വാർഷിക കണക്ക് അപാകതകൾ

2019-20 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

### 1-11-1 വസ്തു നികുതി ഡിസിബി പത്രിക ഹാജരാക്കിയിട്ടില്ല

1. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ

ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ലഭ്യമാക്കിയില്ല. വസ്തു നികുതിയുടെ ഒരു ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപെടുത്തുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത രജിസ്റ്റർ തയ്യാറാക്കാൻ അവലംബിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. കൂടാതെ പ്രസ്തുത രജിസ്റ്ററും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നുമില്ല.

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 21300598 | 13116392 | 8184206 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 21300598 | 13129702 | 8184478 |

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 10953807 | 5374390 | 5579417 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10960212 | 5374390 | 5585822 |

2. 31.03.2020 തീയതിയിലെ വസ്തുനികുതിയുടെ സഞ്ചയയിലെ DCB പത്രിക ലഭ്യമാക്കിയിട്ടി ല്ലാത്തതിനാൽ ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക) എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ 20,079 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളുടെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-2 വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

01.04.2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ ചാവക്കാട് നഗരസഭയിൽ 403 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110010100-Property Tax (General)” എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസപൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-3 431910100-ശീർഷകത്തിലെ തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1,44,58,816/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910100-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 6,88,515 /- ആണ്. എന്നാൽ ഈ ശീർഷകത്തിൽ 6,88,458.69 /- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-4 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100800-Rent From Building | 6197749 | 1.4.2020 | 42000341 |
| 2. | Agricultural Trees | 130101000-Rent From Agricultural Trees | 27000 | 1.4.2020 | 42000484 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-5 ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി സി ബി തയ്യാറാക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. വർഷാന്ത്യത്തിലെ സംക്ഷിപ്തം മാത്രമാണ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4വാടക ഡിമാന്റ് രജിസ്റ്റർ

4.5 ലൈബ്രറി രജിസ്റ്റർ

4.6 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.9ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

4.10 ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

## 1-11-6 മുൻകൂർ തുക ലഭിച്ചത് - രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ |
|---|---|---|---|
| 1 | ഡി & ഓ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 881986 |

## 1-11-7 സാംഖ്യ സോഫ്റ്റ്‌വെയറിൽ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets: Municipality എന്ന ആസ്തികൾക്ക്. 87,64,627/- രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation 15,14,23,19,527 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല. ഇക്കാര്യം ഓഡിറ്റ് എൻക്വയറി (നം. 32/23.02.2022) മുഖേന അറിയിച്ചപ്പോൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ Accumulated Depreciation കണക്കാക്കുമ്പോൾ 410300100 - Concrete Roads, 410300200 - Black Topped Roads, 410300300 - Other Roads, 410300399 - Other Constructions എന്നീ ആസ്തികളുടെ തേയ്മാനത്തിനായി പ്രത്യേകം ഹെഡ് ഇല്ലാത്തതിനാലാണ് Other Fixed Assets എന്ന ഹെഡിൽ ആയത് ചേർത്തിട്ടുള്ളത് എന്നും ആയതിനാലാണ് Accumalated Depreciation 15,14,23,19,527 രൂപ എന്ന് വാർഷിക കണക്കിൽ രേഖപ്പെടുത്തൽ വന്നത് എന്നും മറുപടി

നല്കിയിട്ടുണ്ട്. ഐ കെ എം മുമായി ബന്ധപ്പെട്ട് മേല്പറഞ്ഞ ആസ്തികളുടെ ഡിപ്രീസിയേഷൻ ഉൾപെടുത്താൻ ഉള്ള പ്രത്യേക ഹെഡ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-8 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-9 ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

## 1-11-10 തൊഴിലുറപ്പ് പദ്ധതി - രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ചെലവു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ്ബുക്ക് പ്രകാരം 67,68,096/- രൂപയും വാർഷിക കണക്ക് പ്രകാരം 20,23,316/- രൂപയുമാണ് ഉള്ളത്. തുക വ്യത്യാസത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/18.02.2022) Payment ചെയ്തപ്പോൾ Head മാറിപ്പോയതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. Wages (Other Creditors) ഇനത്തിലും പ്രിന്റിങ് ഇനത്തിലും തെറ്റായി തുക ചേർത്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11-11 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ടുകളിൽ 31/3/2021 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 21,58,616/- രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1,24,95,710/- രൂപയാണ്. പാർട് ബിൽ നൽകിയതായി എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പല പ്രൊജക്ടുകളും ലെഡ്ജറിൽ ഉൾപെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

A) പ്രൊജക്ട് നമ്പർ 173/2020

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 913,390

ബിൽ തീയതി 30.3.2021

B) പ്രൊജക്ട് നമ്പർ 144/2020

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 6,97,552

ബിൽ തീയതി 30.3.2021

C) പ്രൊജക്ട് നമ്പർ 230/2020

പാർട്ട് ബിൽ പ്രകാരം നൽകിയ തുക 4,77,647

ബിൽ തീയതി 11.5.2020

## 1-11-12 ഡെപ്പോസിറ് രജിസ്റ്റർ ലഭ്യമാക്കിയില്ല

ഡെപ്പോസിറ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ RP-27 , B-7എന്നീ ഹെഡുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-11-13 ലേലം രജിസ്റ്ററിൽ ഡി.സി ബി പൂർണമല്ല

ലേലം രജിസ്റ്ററിൽ ഡി.സി ബി പൂർണമല്ല. ആയതിനാൽ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-11-14 വരവ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

RP-3 (130109900 ഒഴികെ), RP-4 (140100200,140501100, 140501800 എന്നീ ഇനങ്ങൾ) Rp-5 (150120300ഒഴികെ) പ്രകാരമുള്ള വരവുകളുടെ രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.31/23.02.2022) മറുപടി നല്കിയിട്ടുള്ളതാണ്.

## 1-11-15 IHSDP പ്രൊജക്ട് - അക്കൗണ്ടിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

IHSDP പ്രോജക്ടിന് വേണ്ടിയുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ 1.4.2020ൽ 15,425 രൂപ മുന്നിരിപ്പും 31.3.2021 ൽ 1,12,103 രൂപ നീക്കിയിരുപ്പുമുണ്ട്. (അക്കൗണ്ട് നമ്പർ: 4262000100096455). 6.7.2020,5.8.2020 എന്നീ തീയതികളിൽ യഥാക്രമം 80,000, 14,440 എന്നീ തുകകൾ ക്യാഷ് മുഖേന അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടുള്ളതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഉണ്ട്. പ്രോജക്ട് ആവശ്യത്തിനുള്ള

അക്കൗണ്ടിൽ ക്യാഷ് മുഖേന വരവ് വരാനുണ്ടായ സാഹചര്യവും പ്രസ്തുത പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/23.02.2022) നൽകിയ മറുപടിയിൽ 80,000 രൂപ റൗഫ് സുനീർ എന്ന ഗുണഭോക്താവ് ആധാരം തിരിച്ചെടുക്കാൻ വേണ്ടി നഗരസഭയിൽ നിന്ന് ലഭിച്ച തുക പലിശ സഹിതം തിരിച്ചടവാക്കിയതാണെന്ന അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവ് തിരിച്ചടച്ച തുക പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ചിട്ടുള്ളതാണെങ്കിൽ ആയത് പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് കൂടാതെ ബാക്കി 14,000 രൂപയുടെ വിവരവും പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയും ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

### 1-11-16 സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്റർ പ്രകാരമുള്ള താഴെ കൊടുത്തിരിക്കുന്ന രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക | എ എഫ് എസ് പ്രകാരമുള്ള തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 646900 | - |
| 2 | വാർദ്ധക്യകാല പെൻഷൻ | 47756400 | 47756440 |

ഇത് സംബന്ധിച്ച നൽകിയ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11 /18.2.22), നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 വാർഷിക കണക്കിൽ ചേർക്കാൻ വിട്ടു പോയതാണെന്നും ക്രമ നമ്പർ 2 എൻട്രിയിൽ വന്ന തെറ്റാണെന്നും അറിയിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ വാർഷികകണക്കിൽ ഈ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

### 1-12 രസീതുകളുടെ പരിപാലനം - അപാകതകൾ.

നഗരസഭയിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. താഴെ കൊടുത്തിരിക്കുന്ന രസീതുകൾ മുഖേന ഈടാക്കിയ മുഴുവൻ തുകയും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

| ക്രമ നമ്പർ | രസീത് നമ്പർ/ തീയതി | | രസീത് പ്രകാരമുള്ള കളക്ഷൻ | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് വന്ന തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | 119011100003 / 3.10.2019 | | 2583 | 2555.57 | 27.43 |
| 2 | 119011100004 / 4.10.2019 | | 5886 | 5823.49 | 62.51 |
| 3 | 119011100007 / 24.10.2019 | | 2487 | 2460.59 | 26.41 |
| 4 | 119011100008, 119011100009, 119011100010, 119011100011, 119011100012 | 28.10.2019 | 21106 | 20632.81 | 473.19 |
| 5 | 119011100013 / 30.10.2019 | | 3853 | 3812 | 41 |
| 6 | 119011100014, 119011100015, 119011100016, 119011100017 | 16.11.2019 | 8996 | 8933.03 | 62.97 |
| 7 | 119011100018 / 18.11.2019 | | 4510 | 4462.10 | 47.9 |
| 8 | 119011100019 / 7.12.2019 | | 3213 | 3178.87 | 34.13 |
| 9 | 119011100020 / 30.12.2019 | | 3971 | 3928.83 | 42.17 |
| 10 | 119011100021 / 31.12.2019 | | 3754 | 3714.13 | 39.87 |
| 11 | 119011100023 / 27.1.2020 | | 4226 | 4181.12 | 44.88 |

| | | | | |
|---|---|---|---|---|
| 12 | 119011100024 / 30.1.2020 | 612 | 609.55 | 2.45 |
| 13 | 119011100025 / 7.2.2020 | 2491 | 2464.54 | 26.46 |
| 14 | 119011100026, 119011100027, 119011100028, 119011100029, 119011100030 13.2.2020 | 7823 | 7662.78 | 160.22 |
| 15 | 119011100031, 119011100032 17.2.2020 | 854 | 850.58 | 3.42 |
| 16 | 119011100033 / 20.2.2020 | 2340 | 2315.15 | 24.85 |
| 17 | 119011100034, 119011100035, 119011100036 26.2.2020 | 7561 | 7425.12 | 135.88 |
| 18 | 119011100037 / 28.2.2020 | 9604 | 9502 | 102 |
| 19 | 119011100038 / 29.2.2020 | 3750 | 3665.92 | 34.08 |
| 20 | 119011100039 / 4.3.2020 | 1250 | 1245 | 5 |
| 21 | 119011100041 / 10.3.2020 | 9839 | 9734.51 | 104.49 |
| 22 | 119011100042 / 20.3.2020 | 11685 | 11560.9 | 124.1 |
| 23 | 120011100001, 120011100002 24.4.2020 | 7915 | 7820.8 | 94.2 |
| 24 | 120011100003 / 29.4.2020 | 1852 | 1841.59 | 7.41 |
| 25 | 120011100004, 120011100005, 120011100006 30.4.2020 | 84141 | 8386.99 | 27.01 |
| 26 | 120011100007 / 4.5.2020 | 2449 | 2422.99 | 26.01 |
| 27 | 120011100008, 120011100009 8.5.2020 | 6429 | 6371.17 | 57.83 |
| 28 | 120011100012 / 13.5.2020 | 3847 | 3806.15 | 40.85 |
| 29 | 120011100013 / 14.5.2020 | 2711 | 2682.21 | 28.79 |
| 30 | 120011100014 / 19.5.2020 | 5298 | 5241.74 | 56.26 |
| 31 | 120011100015, 120011100016, 120011100017 26.5.2020 | 4803 | 4746.3 | 56.7 |
| 32 | 120011100019 / 25.6.2020 | 624 | 621.5 | 2.5 |
| 33 | 120011100021, 120011100022, 120011100023, 120011100024, 120011100025, 120011100026, 2.7.2020 | 63008 | 61464.95 | 1543.05 |

| | | | | |
|---|---|---|---|---|
| | 120011100027, 120011100028, 120011100029 | | | |
| 34 | 120011100092 / 15.9.2020 | 4209 | 3604 | 605 |
| 35 | 120010200002 / 3.7.2020 | 2070 | 2024 | 46 |
| ആകെ | | | | 4267.01 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.64/4.3.22) നൽകിയ മറുപടിയിൽ കാർഡ് പേയ്മെന്റ് വഴി നഗരസഭയിൽ അടവാക്കിയ തുകയിൽ SBI ബാങ്കിന്റെ സർവീസ് ചാർജ് ഈടാക്കിയതിനു ശേഷമുള്ള തുക മാത്രമാണ് നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിരുന്നതെന്നും ആയത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് പ്രസ്തുത ബാങ്കിന്റെ ഇ-പോസ് സേവനം അവസാനിപ്പിച്ച് സൗജന്യ നിരക്കിൽ ഇ-പോസ് സേവനം ലഭ്യമാക്കുന്ന കാനറാ ബാങ്കിന്റെ മെഷീൻ ആണ് നിലവിൽ ഉപയോഗിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതൽ 2020 ജൂലൈ വരെ ഏകദേശം 10 മാസത്തോളം ഇത്തരത്തിൽ സർവീസ് ചാർജ് ഇനത്തിൽ പണം ബാങ്ക് ഈടാക്കുന്നത് തിരിച്ചറിയാൻ കഴിയാതെ ഇരുന്നത് റികൺസിലിയേഷൻ പത്രിക തയാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ഇല്ലാത്ത കൊണ്ടാണെന്നു ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ഇരിക്കാൻ വേണ്ടി റികൺസിലിയേഷൻ പത്രിക തയ്യാറാക്കുമ്പോൾ ബാങ്ക് ബുക്കിലെയും പാസ് ബുക്കിലെയും തുകകൾ തമ്മിലുള്ള വ്യത്യാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. നഗരസഭക്ക് ട്രഷറി അക്കൗണ്ടിന് പുറമെ തനത് ഫണ്ടിനായി വിവിധ ബാങ്കുകളിലായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഒന്നിലേറെ അക്കൗണ്ടുകൾ നിലവിൽ ഉണ്ട്.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | SBI | 67149638980 |
| 2 | PNB | 4262000100079139 |
| 3 | Canara Bank | 1989101022177 |
| 4 | SBI | 34830667792 |
| 5 | Kerala Bank | 450230100 |

അധികമുള്ള അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.64/4.3.22) മറുപടി നൽകിയിട്ടുണ്ട്.പ്രസ്തുത അപാകത 2017-18 , 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. അധികമായുള്ള അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് ക്ലോസ് ചെയ്യേണ്ടതാണ്.

3. വെറ്ററിനറി സർജൻ നല്കിയ രസീത് ബുക്ക് നമ്പർ 153, പ്രൊജക്റ്റ് ഓഫീസർ (യു.പി.എ.സി) ക്ക് നൽകിയ രസീത് ബുക്കുകൾ (നം. 74,75,95) എന്നിവയിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല (കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ,2007 ചട്ടം 18).

4. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ: രസീത് നമ്പർ 16701, 16702

## 1-13 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം അടവാക്കുന്നതിൽ കാലതാമസം

വൗച്ചർ നമ്പർ 22000343/18.8.2020 പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 1,30,200 രൂപ 374537/10.6.2020 നമ്പർ ചെക്ക് മുഖേന പിൻവലിച്ചതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക 31.3.2021 വരെ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 56 /2.2.22), നൽകിയ മറുപടിയിൽ നഗരസഭയിലെ 21 കൗൺസിലർമാരുടെ 2020 ഏപ്രിൽ, മെയ് മാസങ്ങളിലെ മാസവേതനത്തിൽ നിന്ന് കുറവ് ചെയ്ത പ്രസ്തുത തുകയുടെ ചെക്ക് ബന്ധപ്പെട്ട സെക്ഷനിലെ ജീവനക്കാരൻ ആരോഗ്യപരമായ കാരണങ്ങളാൽ അവധിയിൽ ആയിരുന്നതിനാൽ അയച്ചു കൊടുക്കപ്പെടുകയോ ബാങ്കിൽ സമർപ്പിക്കപ്പെടുകയോ ചെയ്തില്ല എന്ന് അറിയിച്ചിട്ടുണ്ട്. അപാകത കണ്ടു പിടിച്ചതിനെ തുടർന്ന് 2021 മെയ് 24 ന പ്രസ്തുത തുകയോടൊപ്പം ജൂൺ ജൂലൈ മാസങ്ങളിലെ തുക കൂടി ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കിയതായും അറിയിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം അടവാക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മ ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബന്ധപ്പെട്ട ജീവനക്കാരൻ അവധിയിൽ പ്രവേശിക്കുമ്പോൾ മറ്റൊരു ജീവനക്കാരന് ചാർജ് കൊടുത്തിരുന്നുവെങ്കിൽ ഈ കാലതാമസം ഒഴിവാക്കാമായിരുന്നു. മേലിൽ ഇത്തരം അപാകങ്ങൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾ 2020-21 വർഷത്തിൽ ഡി ആൻഡ് ഒ ലൈസൻസ് എടുക്കാതെ പ്രവൃത്തിച്ച വരുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് |
|---|---|---|
| എം.വി.എ. ഷോപ്പിങ്ങ് കോംപ്ലക്സ് | | |
| 1. | 16/115 | സഫിയ |
| പഴയ സ്റ്റാൾ | | |
| 2. | 16/97 | ബഷീർ |
| 3. | 16/101 | ദിവാകരൻ |
| മീറ്റ് സ്റ്റാൾ | | |
| 4. | 16/205 | അബ്ദുൾ ഷുക്കൂർ |
| 5. | 16/206A | ഷംസുദീൻ |
| 6. | 16/206C | സജിൻ.എ.കെ |
| ബസ് സ്റ്റാൻഡ് ബിൽഡിങ്ങ് – കിഴക്ക് | | |
| 7. | 15/595E | ഷംസുദീൻ |
| 8. | 15/530A16 | ലഭ്യമല്ല |
| 9. | 15/530A17 | ലഭ്യമല്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -60/3.3.22) ലൈസൻസ് എടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.
2020-21 വർഷത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽനികുതി

I) നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന 23 റേഷൻ കടകൾ, 4 കള്ള് ഷാപ്പുകൾ, 4 പെട്രോൾ പമ്പുകൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. റേഷൻ കടകളെ 2011- ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം പട്ടിക-11 ലെ ക്രമ നമ്പർ 54 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 8/15.2.22) മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇവരിൽ നിന്നും കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3 പ്രകാരം നികുതി ചുമത്തി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II) നഗരസഭ പരിധിയിൽ 2020-21 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1. | ഐഡിയൽ ബ്രിക്സ് | 1 | I,II |
| 2. | വിൽ സ്റ്റാക്സ് ആൻഡ് സാവറീസ് | 3 | I,II |
| 3. | കേരള ട്രേഡിങ്ങ് കമ്പനി | 14 | I,II |
| 4. | ഫാന്റസി ഹയർ പർച്ചേസ് | 15 | I,II |
| 5. | ഐശ്വര്യ ഹോട്ടൽ | 15 | I,II |
| 6. | ഗോൾഡൻ ഫർണീച്ചർ | 15 | I,II |
| 7. | ക്വാളിറ്റി ചെക് ലാബ് (15/620K) | 15 | I,II |
| 8. | സീതാറാം ബജാജ് | 16 | I,II |
| 9. | പിനാകൾ നിസാൻ | 16 | I,II |
| 10. | സാപ് ജന്റ്സ് ബോട്ടിക്ക് | 16 | I,II |
| 11. | കല്പക കൺസ്ട്രക്ഷൻ കമ്പനി | 16 | II |
| 12. | മോഡേൺ ബിൽഡേഴ്സ് | 16 | I,II |

| | | | |
|---|---|---|---|
| 13. | ബേബി വേൾഡ് | 16 | I,II |
| 14. | സ്നേഹ ഹൈടെക് ലബോറട്ടറി | 16 | I,II |
| 15. | ഷഫ്ന ഫാൻസി ഷോപ്പ് | 16 | I,II |
| 16. | ഫെഡറൽ ബാങ്ക് | 16 | I,II |
| 17. | റിയൽ എസ്റ്റേറ്റ് സെല്ലാർ | 16 | I,II |
| 18. | നിബ ടൈലറിങ് ഷോപ്പ് | 16 | I,II |
| 19. | ബ്രദേഴ്സ് ഫിനാൻസർസ് | 16 | I,II |
| 20. | വി സ്റ്റൈൽ | 16 | I,II |
| 21. | ക്ളീൻ ഓ ക്ളീൻ | 16 | I,II |
| 22. | ഫിദ ലേഡീസ് ടൈലറിങ് | 16 | I,II |
| 23. | ഓറിയന്റൽ ഇൻഷുറൻസ് | 16 | II |
| 24. | ഓക്സ്ഫോർഡ് അക്കാദമി | 16 | II |
| 25. | അൽജാസ് ബ്യൂട്ടിപാർലർ | 16 | I,II |
| 26. | വുമൺസ് ബാൽ റെഡിമെയ്ഡ് ഷോപ്പ് | 16 | I,II |
| 27. | ഫാഷൻ പാലസ് ടൈലറിങ് | 16 | I,II |
| 28 | മർമർ ഫീമെയ്ൽ വോഗ് | 16 | I,II |
| 29. | എ.എം.കളക്ഷൻസ് റെഡി മെയ്ഡ് ഷോപ്പ് | 16 | II |
| 30. | ലീമോസ് കളക്ഷൻ | 16 | I,II |
| 31. | സ്റ്റാർ ഒപ്ടിക്കൽസ് | 16 | I,II |
| 32. | മാറ്റ്സോ ഫുട്വെയർ | 16 | I,II |
| 33. | ചമയം ഫുട്വെയർ | 16 | I,II |
| 34. | യുവദർശൻ കറീസ് | 16 | I,II |
| 35. | കാഡ് ആർട് കമ്പ്യൂട്ടേഴ്സ് | 16 | I,II |
| 36. | കേരള ബെഡ് സെന്റർ | 16 | I,II |
| 37. | ഹോളി വേൾഡ് ട്രാവൽസ് | 16 | I,II |
| 38. | അൽ ഹാദി എക്സ് പോർട്ടേഴ്സ് | 16 | I,II |
| 39. | സൽമ ലൈഫ് സ്റ്റൈൽ | 16 | I,II |
| 40. | ബെസ്റ്റ് ക്ലിനിക് ലബോറട്ടറി | 17 | I,II |
| 41. | ആദിത്യൻ മെഡിക്കൽസ് | 17 | I,II |
| 42. | കടവിൽ ഓപ്ടിക്കൽസ് | 17 | I,II |
| 43. | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെന്റർ | 20 | I |
| 44. | കെ.കെ.ഓട്ടോ ഇലക്ട്രിക്കൽസ് | 20 | I,II |
| 45. | ചിന്നക്കൽ ഇലക്ട്രിക്കൽസ് | 20 | I,II |
| 46. | ഖത്തർ ബ്രൈറ്റ് സൊല്യൂഷൻ സെക്യൂരിറ്റി സെന്റർ | 21 | I,II |
| 47. | ഫ്രണ്ട്സ് ഇലക്ട്രോണിക്സ് | 13 | I,II |
| 48. | മാളവിക ഹോട്ടൽ | 23 | I,II |
| 49. | എ.കെ.ആർ. സ്റ്റേഷനറി | 23 | I,II |
| 50. | സലിം ഐസ് പ്ലാന്റ് | 23 | I,II |
| 51. | ലോഡ്ജ് ഗോൾഡൻ ബീച്ച് | 24 | I,II |
| 52. | റാഡിയന്റ് ഇലക്ട്രിക്കൽസ് | 26 | I,II |
| 53. | ദിയ ടൈലറിങ് | 27 | I,II |
| 54. | ടി.എച്ച്. ബ്രദേഴ്സ് | 28 | I,II |
| 55 | ക്ലാസിക്കൽ കൺസ്ട്രക്ഷൻസ് | 29 | I,II |
| 56 | ന്യൂ അറ്റ്ലസ് റെഡി മെയ്ഡ്സ് | 31 | I,II |
| 57 | ബബിൾസ് ട്രേഡേഴ്സ് | 32 | I,II |

ഓരോ വർഷവും നഗരസഭാപരിധിയിലുള്ള സ്ഥാപനങ്ങൾ സ്ഥലപരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്. ഇഉ സംബന്ധിച്ച് നൽകിയ

ഓഡിറ്റ് അന്വേഷണം (ഓഡിറ്റ് എൻക്വയറി നം.8 തീയതി.15.02.22)ത്തിന് മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കാനുള്ള നോട്ടിസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

III) ജീവനക്കാരുടെ ഓരോ അർദ്ധവർഷത്തെയും മൊത്തവരുമാനത്തിന്റെ ചട്ട പ്രകാരമുള്ള സ്ലാബിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബിൽ നിന്നും കുറവാണ് ഈടാക്കിയിരുന്നത്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് / തസ്തിക | സ്ഥാപനത്തിന്റെ പേര് | മൊത്ത വരുമാനം | ഈടാക്കിയ തുക | സ്ലാബ് പ്രകാരം ഈടാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1. | ഡോ. അൻസിൽ മെഡിക്കൽ ഓഫീസർ | താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രി | 1,64,000 (ഒന്നാം അർദ്ധവർഷം) | 750 | 1250 | 500 |
| 2. | ഗീത സി.ആർ. താത്ക്കാലിക ജീവനക്കാരി എൽ.ഡി.ടൈപ്പിസ്റ്റ് | മുൻസിഫ് കോടതി , ചാവക്കാട് | 1,36,800 (ഒന്നാം അർദ്ധവർഷം) | 1000 | 1250 | 250 |
| 3. | ബിനീഷ് വി.എം. ക്ലർക്ക് | സബ് രജിസ്ട്രാർ ഓഫീസ് , ചാവക്കാട് | 1,26,188 (ഒന്നാം അർദ്ധവർഷം) | 1000 | 1250 | 250 |
| 4. | പ്രീതി സി. ക്ലർക്ക് | സബ് രജിസ്ട്രാർ ഓഫീസ് , ചാവക്കാട് | 1,26,188 (ഒന്നാം അർദ്ധവർഷം ) | 1000 | 1250 | 250 |
| ആകെ | | | | | | 1250 |

മേൽ ജീവനക്കാരിൽ നിന്നും കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3 പ്രകാരം തൊഴിൽ നികുതി ചുമത്തി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

മുനിസിപ്പൽ എഞ്ചിനീയറുടെ 2020 -21 വർഷത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2020 -21 വർഷത്തെ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1. | എൻ.പി. മുഹമ്മദ് മോൻ |
| 2. | സി.പി. വിനോദ് കുമാർ |
| 3. | പി. നന്ദകുമാർ |
| 4. | ഇ.എം. വിബിൻദാസ് |
| 5. | പി.പി. സുനിൽ കുമാർ |
| 6. | അബ്ദുൽ കബീർ |
| 7. | ടി.സി. കോയ |
| 8. | എൻ.എൻ. ശശികുമാർ |
| 9. | ടി.എച്. റഹീം |
| 10. | കെ.സി. ബിജു |
| 11. | പി.എ. കാസിം |
| 12. | പി.പി. സുനിൽ കുമാർ |
| 13. | പി.ജി. പുഷ്പാകരൻ |
| 14. | സി.വി. ശശികുമാർ |
| 15. | മുഹമ്മദ് ഫൈസൽ |
| 16. | ടി.സി.അമീറലി |
| 17. | അസീഷ കാസീം |

## 1-17 റെഗുലറൈസേഷൻ ഫീ പെർമിറ്റ് ഫീസിനോട് ചേർത്ത് വാർഷിക കണക്ക തയ്യാറാക്കുന്ന

2020 -21 വർഷത്തിൽ ബിൽഡിങ് റെഗുലറൈസേഷൻ ഫീസ് ഇനത്തിൽ ഈടാക്കുന്ന തുക ബിൽഡിങ് പെർമിറ്റ് എന്ന ഹെഡിൽ ചേർത്താണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്.

ഈ വർഷം ഏകദേശം 27 കെട്ടിടങ്ങൾക്ക് 61,468 രൂപ റെഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച റെഗുലറൈസേഷൻ ഫീ ബിൽഡിങ് പെർമിറ്റിനോട് ചേർത്താണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്. ആയതുകൊണ്ട് കൃത്യമായ രീതിയിൽ ഈ തുക കണക്കാക്കാനാകുന്നില്ല. ശരിയായ ഹെഡുകളിൽ വരവുകൾ രേഖപ്പെടുത്തിയാൽ മാത്രമേ നഗരസഭയെ സംബന്ധിക്കുന്ന വസ്തുതകൾ പ്രതിഫലിക്കുന്ന ശരിയായ കണക്ക് ലഭിക്കുകയുള്ളൂ .

Permit Fee For Construction Of Building – Head Code – 140129900

Building Regularisation Fee -Head Code – 140150100 ആയെന്നിരിക്കെ കൃത്യമായ രീതിയിൽ റെഗുലറൈസേഷൻ ഫീ അടവാക്കിയത് വേർതിരിച്ച് രേഖപ്പെടുത്താത്തതിന് കാരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 54 തീയതി: 2.3.22) ഭാവിയിൽ ഇത്തരത്തിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീ എന്നിവ വ്യത്യസ്ത ഹെഡുകളിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-18 ബൈലോകൾക്ക് സർക്കാർ അംഗീകാരം നേടേണ്ടതാണ്

1. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ

ജി.ഒ (എം.എസ്) 105/97/തദ്ദേശഭരണവകുപ്പ് വിജ്ഞാപന പ്രകാരം ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭാ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുകയാണ് ചെയ്യുന്നത്.

2. ക്രിമറ്റോറിയം -ബൈലോ

ക്രിമറ്റോറിയം നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ബൈലോ നഗരസഭയ്ക്ക് നിലവിലില്ല. ശ്മശാന നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ശ്മശാന നടത്തിപ്പ് അംഗീകരിക്കപ്പെട്ട ബൈലോയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 കടമുറി വാടക - അപാകതകൾ

താഴെക്കൊടുത്തിരിക്കുന്ന കടമുറികൾ വാടകയ്ക്കെടുത്തിരിക്കുന്നവർ 2020-21 വർഷത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കടമുറി വാടകയ്ക്കെടുത്ത വ്യക്തി | കെട്ടിട നം. | കുടിശ്ശിക |
|---|---|---|---|
| പഴയ മുനിസിപ്പൽ ഓഫീസ് കെട്ടിടം | | | |
| 1 | കെ.എം.ജയരാജ് | XVI/66 | 13264 |
| 2 | കെ.എം.ജയരാജ് | XVI/70 | 47400 |
| 3 | അഷറഫ് | XVI/93A | 13956 |
| 4 | പി.കെ. അബൂബക്കർ | XVI/79 | 1580 |
| 5 | മുഹമ്മദ് അയൂബ് | XVI/148(1) | 36010 |
| പഴയ സ്റ്റാളുകൾ | | | |
| 6 | ജോഷി | XVI/200 | 1767 |
| 7 | പി.ജെ.ജോഷി | XVI/204 | 6756 |
| 8 | മുഹമ്മദ് & ഷാഹ | XV/534 | 2823 |
| 9 | ഹക്കിം | XV/551 | 5119 |
| 10 | അബ്ദുൾ അസീസ് | XV/552 | 5363 |
| ബസ് സ്റ്റാന്റിൽ പുതുതായി നിർമ്മിച്ച സ്റ്റാളുകൾ | | | |
| 11 | പി.പി.പത്മനാഭൻ | XV/571 | 18624 |
| 12 | അബൂബക്കർ തറയിൽ കാരപ്പാട്ട് | XV/570 | 1552 |
| 13 | ഉഷാമണി എം.നായർ | XV/568 | 15520 |
| 14 | തെസ്ലി ഇ.പി. | XV/567 | 6208 |
| 15 | നൂറുദ്ദീൻ പി. | XV/565 | 12416 |
| 16 | അബ്ദുൾ നാസർ | XV/564 | 1552 |
| 17 | അബ്ദുൾ നാസർ | XV/563 | 1552 |
| 18 | ദിവ്യ | XV/560 | 18624 |
| 19 | കെ.എ. ഇബ്രാഹിം | XV/559 | 6208 |
| 20 | ശ്രീമതി ബിന്ദു | XV/558 | 15520 |
| 21 | കെ.വി.വിശ്വനാഥൻ | XV/557 | 1552 |
| 22 | ഷുക്കൂർ പി.എ. | XV/530AB | 1278 |

| | | | |
|---|---|---|---|
| പുളിച്ചിറക്കെട്ട് വ്യവസായ സമുച്ചയം | | | |
| 24 | കാളിപ്പെണ്ണ് | XXV/201 | 17736 |
| 25 | എ.ജി. പ്രവീൺ | XXV/200 | 18624 |
| 27 | എ.ജി. പ്രവീൺ | XXV/203 | 18624 |
| 28 | കെ.പി.ഷാജഹാൻ | XXV/205 | 10864 |
| 29 | കെ.പി.ധർമ്മേഷ് | XXV/204 | 10864 |
| ബസ് സ്റ്റാൻഡ് കെട്ടിടം -പുതിയത് | | | |
| 30 | അബു | XV/517 | 6206 |
| 31 | കെ.മുഹമ്മദലി | XV/518 | 24824 |
| 32 | സജിത കബീർ | XV/519 | 12412 |
| 33 | അബ്ദുൾ മനാഫ് | XV/520 | 7671 |
| 34 | ഷുക്കൂർ | XV/541B | 14611 |
| ബസ് സ്റ്റാൻഡിന് കിഴക്കുഭാഗത്ത്-പുതിയ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 35 | ഗണേഷ് കെ.വി. | XV/595 | 31910 |
| 36 | ശാലിനി | XV/595H | 48216 |
| പച്ചക്കറി മാർക്കറ്റിനകത്തെ കെട്ടിടം | | | |
| 37 | കഫേശ്രീ റസ്റ്റോറന്റ് | XVI/89B, 89G | 25528 |
| | ബ്ലാങ്ങാട് ഫിഷ് മാർക്കറ്റ് | | |
| 38 | നസീർ ടി.എച്ച്. | സ്റ്റാൾ നം.3 | 9000 |
| 39 | സുരേഷ് പി.എസ്. | സ്റ്റാൾ നം.4 | 4500 |
| 40 | അജയൻ | സ്റ്റാൾ നം.5 | 9000 |
| 41 | അബു | സ്റ്റാൾ നം.12 | 8000 |
| മുതുവട്ടൂർ ബാലാമണിയമ്മ വനിത സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 42 | അസ്മാബി | IX/18-1 | 40000 |
| 43 | അസ്മാബി | IX/18-5 | 40000 |

വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 1-20 ലേലം-പൂർണ്ണ തുക അടവാക്കിയില്ല

ചാവക്കാട് നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ കുത്തക ലേലം ഏറ്റെടുത്തിട്ടുള്ളവർക്ക് കോവിഡ് പശ്ചാത്തലത്തിൽ കൗൺസിലിന്റെ 16.10.21 ലെ മൂന്നാം നമ്പർ തീരുമാന പ്രകാരം 40% ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഇളവിന് ശേഷവും, കുത്തക ലേലം ഉറപ്പിച്ച വ്യക്തികൾ ശേഷിക്കുന്ന തുക പൂർണ്ണമായി നഗരസഭയിൽ അടവാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 69 /5.3.22) വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | ലേലം ഉറപ്പിച്ച നൽകിയ വ്യക്തി | ലേല തുക | ഇളവ് (40%) | അടവാക്കിയത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ബീച്ച് വണ്ടിത്താവളം | നസീർ ടി എച്ച് | 354000 | 141600 | 128000 | 84400 |
| 2 | ബസ് സ്റ്റാൻഡ് കംഫർട് സ്റ്റേഷൻ | ഹുമയൂൺ കബീർ | 295000 | 118000 | 67000 | 11000 |
| 3 | ബ്ലാങ്ങാട് ബീച്ച് കംഫർട്, സ്റ്റേഷൻ | നാരായണൻ കെ കെ | 325000 | 130000 | 123500 | 71500 |
| 4 | ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം | ലിജോ ബാബു | 27000 | - | 19000 | 8000 |

കോവിഡ് പശ്ചാത്തലത്തിൽ തുക ഈടാക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ബാക്കി തുകകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണെന്നും അറിയിച്ചിട്ടുണ്ട്. ലേലം ഇനത്തിൽ നഗരസഭക്ക് ലഭിക്കാനുള്ള തുകകൾ എത്രയും പെട്ടെന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2020-21 ൽ നഗരസഭയിൽ 13.7.20 ന് പണി പൂർത്തീകരിച്ച് അപേക്ഷ സമർപ്പിച്ച വാണിജ്യ കെട്ടിടമായ 10/372 (1) (ഓഫീസ് ആവശ്യം ഉൾപ്പടെ) - ന് 130.17 ച.മീ. തറവിസ്തീർണ്ണമുണ്ട്. ഭരണസമിതി അംഗീകരിച്ച വസ്തു നികുതി നിരക്ക് പ്രകാരം നഗരസഭയിൽ 100ച.മീ. മുകളിലുള്ള വാണിജ്യ കെട്ടിടത്തിന് 70/- നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ടി കെട്ടിടത്തിന് 40/- രൂപ നിരക്കിൽ വസ്തുനികുതി കണക്കാക്കി 6588/- (സർവ്വീസ് ചാർജ്, ലൈബ്രറി സെസ്സ് ഉൾപ്പടെ) രൂപയാണ് നിലവിൽ വസ്തുനികുതി ഈടാക്കി വരുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48A/28.2.22) പുനർനിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിച്ച് തുടങ്ങിയതായി അറിയിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വസ്തുനികുതി 70/- നിരക്കിൽ പുനർനിർണ്ണയിച്ച് അടിസ്ഥാന വസ്തുനികുതി - 9112/- രൂപ (സർവ്വീസ് ചാർജ്, ലൈബ്രറി സെസ്സ് എന്നിവയും ഉൾപ്പെടുത്തി) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മൊബൈൽ ടവറുകൾ - വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകൾ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | ടവർ കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | അടവാക്കേണ്ട തുക |
|---|---|---|---|---|
| 1. | 16/77A | അലക്സ് മാത്യൂസ് , ടാറ്റ ടെലി സർവീസ് | 2005 -06 II മുതൽ 2021-22 I + II | 71,700 |
| 2. | 15/185F | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് ,കൊച്ചി | 2016 -17 I+II മുതൽ 2021-22 I + II | 36,252 |
| 3. | 18/69A | ഡെപ്യൂട്ടി ജനറൽ മാനേജർ , കൊച്ചി | 2016-17 II മുതൽ 2021-22 I + II | 82,350 |
| 4. | 22/276 | വയർലെസ്സ് TT ,ഇൻഫോ സർവീസ് ലിമിറ്റഡ് | 2013-14 I+II മുതൽ 2021-22 I + II | 1,20,600 |
| 5. | 27/153 | BSNL , സിവിൽ സബ്ഡിവിഷൻ | 2008 -09 II മുതൽ 2021-22 I + II | 1,85,928 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ :47/28.02.2022) തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് അടവാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-23 അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശികകൾ ഈടാക്കുന്നില്ല.

നഗരസഭയിൽ നിന്നും U .A. നമ്പർ നൽകിയവയുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ലഭിച്ച വിവരാവകാശ അപേക്ഷക്ക്(R3-9789/05 തീ: 9.3.20), 6.4.20 ന് നൽകിയ മറുപടി പ്രകാരം 61 കെട്ടിടങ്ങൾക്കാണ് U.A. നമ്പർ നൽകിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട UA Register ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം(നമ്പർ :74/5.3.22), ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി, ഓഡിറ്റ് നിർദ്ദേശം എന്നിവ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | U .A. കെട്ടിട നമ്പർ | വസ്തു നികുതി | ഓഡിറ്റ് അന്വേഷണം | ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|---|
| 1. | 7/510C(UA), 7/510D(UA), 7/510E(UA), 7/510F(UA), 7/510G(UA), 7/510H(UA), 7/510I(UA), 7/510J(UA), 7/510K(UA), 7/510L(UA), | ഈ കെട്ടിടങ്ങളെല്ലാം ഓല വീട് (30 ച.മീ. ന് താഴെയുള്ള കെട്ടിടങ്ങൾ) U .A. രജിസ്റ്ററിൽ നികുതിയില്ല എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. | നികുതി ഒഴിവാക്കാനുള്ള കാരണം, നിലവിൽ ഈ കെട്ടിടങ്ങൾ നില നിൽക്കുന്നുണ്ടോ എന്നുള്ള പ്രാദേശിക പരിശോധന നടത്തിയതിന്റെ വിവരം | 10.8.2009ലെ 48/297 /ആർ.എ.1/ 09/തസ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ സാമൂഹിക സുരക്ഷാ പെൻഷൻ എന്നീ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമായി പുറമ്പോക്ക ഭൂമിയിൽ സ്ഥിതി ചെയ്യുന്ന | മുനിസിപ്പാലിറ്റി സെക്ഷൻ 242 പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ , ആയതിനെതിരെ സ്വീകരിക്കേണ്ട തുടർ നടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന നികുതിയും, അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തു നികുതിയായി കെട്ടിടഉടമയിൽ നിന്നും ഈടാക്കണം എന്നതിനാൽ ഇത്തരത്തിൽ |

| | | | | | |
|---|---|---|---|---|---|
| | 7/510M(UA), 7/510N(UA), 7/510O(UA), 7/510P(UA), 7/510Q(UA), 7/510R(UA), 7/510S(UA), 7/510T(UA), 7/510U(UA), 7/510V(UA), 7/510W(UA), 7/510X(UA), 7/510Y(UA), 7/510z (UA), 11/282A(UA), 8/237C(UA), 11/282A(UA) | | ലഭ്യമാക്കേണ്ടതാണ്. | കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ അനുവദിച്ചിട്ടുള്ളവയാണ് ഇവയെല്ലാം. | വസ്തു നികുതി നിർണ്ണയം നടത്തി, നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 2. | 16/541(UAC) | U.A. രജിസ്റ്റർ പ്രകാരം 2017-18 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 2,46,118 വസ്തുനികുതി കുടിശ്ശികയുണ്ട് | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 3. | 11/19A(UA), 11/19B(UA) 11/19C(UA) 11/19D(UA) 11/19E(UA), 11/19F(UA), 11/19G(UA), 11/19H(UA) | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ "Building Not Found" എന്ന് കാണിക്കുന്നു.<br><br>എന്നാൽ U.A. രജിസ്റ്റർ പ്രകാരം ഒരോ കെട്ടിടത്തിനും 1332/- രൂപ വീതം 2016-17 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ വസ്തുനികുതി കുടിശ്ശിക പ്രകാരം ആകെ = 10,656/- കുടിശ്ശികയുണ്ട്. | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്.<br><br>സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 4. | 24/245UAC | 2019-20 I-ാം അർദ്ധവർഷം മുതൽ കുടിശ്ശികയുണ്ട് . U.A. രജിസ്റ്റർ പ്രകാരം 522/- രൂപ നികുതി ചുമത്തിയിട്ടുണ്ട്. | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 5. | 21 / 243A(UAC) | U.A. രജിസ്റ്റർ പ്രകാരം 66951/- രൂപ നികുതി ചുമത്തിയിട്ടുണ്ട്. 2019-20 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 1,67,389/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| 6. | 3/285(UAC) | 2017-18 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 13,800/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 7. | 17/159A(UA) | 2021-22 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 3172/-കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 8. | 17/172(1)UAC | 2019-20 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 4,212/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 9. | 17/171(1)UAC | 2019-20 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 4,669/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 10. | 15/76UAC | 2020-21 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 80,741/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 11. | 15/75 UAC | 2021-22 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 5480/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 12. | 15/53A(UA) | 2021-22 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 28,497/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 13. | 15/361(B)UAC | 2018-19 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 8452/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 14. | 17/328(UAC) | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ "Building Not Found" എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2015 -16 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 16,798/- രൂപ നികുതി കുടിശ്ശികയുണ്ട്. | കെട്ടിട നികുതി അടവാക്കുന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ. നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 15. | 17/316UAC | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ "Building Not Found" | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത |

| | | | | | |
|---|---|---|---|---|---|
| | | എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2016-17 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 198556/- രൂപ നികുതി കുടിശ്ശികയുണ്ട്. | ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | നടപടികളും സ്വീകരിച്ച വരുന്നതായി അറിയിച്ചിട്ടുണ്ട്. | പരിപാലിക്കാൻ സാധിക്കുകയുള്ളൂ.നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 16. | 15/375UAC | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ “Building Not Found” എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2016-17 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 308268/- രൂപ നികുതി കുടിശ്ശികയുണ്ട്. | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | ടി കെട്ടിടം വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നതിനാൽ വസ്തുനികുതി ഒഴിവാക്കാൻ സർക്കാരിലേക്ക് അപേക്ഷിച്ചിരിക്കുന്നതായും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ.3 നിലകളായി പ്രവർത്തിച്ച വരുന്ന ഈ സ്ഥാപനത്തിന് സർക്കാരിൽ നിന്നും കെട്ടിട നികുതി - വ്യക്തത വരുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വസ്തുനികുതി ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. |
| 17. | 15/123UAC | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ “Building Not Found” എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2013 -14 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 51102/- രൂപ നികുതി കുടിശ്ശികയുണ്ട്. | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നതായി അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ.നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 18. | 13/176UAC | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ “Building Not Found” എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2016-17 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 88686/- രൂപ നികുതി കുടിശ്ശികയുണ്ട്. | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നതായി അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ.നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 19. | 13/176B(UAC) | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ “Building Not Found” എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2016-17 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 9558/- | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നതായി അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ.നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| | | രൂപ നികുതി കുടിശ്ശികയുണ്ട്. | കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | | |
| 20. | 13/176C(UAC) | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ "Building Not Found" എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2016-17 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 11094/- രൂപ നികുതി കുടിശ്ശികയുണ്ട്. | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ. നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 21. | 4/214UAC | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ "Building Not Found" എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2016-17 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 5775/- രൂപ നികുതി കുടിശ്ശികയുണ്ട്. | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ. നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 22. | 4/232UAC | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ "Building Not Found" എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2016-17 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 3185/- രൂപ നികുതി കുടിശ്ശികയുണ്ട്. | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ. നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 23. | 6/10B(UAC) | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടനമ്പറുകൾ "Building Not Found" എന്ന് കാണിക്കുന്നു. U.A. രജിസ്റ്റർ പ്രകാരം 2016-17 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 20700/- രൂപ നികുതി കുടിശ്ശികയുണ്ട്. | കെട്ടിട നികുതി അടവാക്കുന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരം ലഭ്യമാകാത്തതിന്റെ കാരണം എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കുന്നതിനും സഞ്ചയയിൽ എൻട്രി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടവിവരങ്ങൾ ഡാറ്റ എൻട്രി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ സഞ്ചയ വസ്തുനികുതി ഡിമാന്റിൽ കൃത്യത പരിപാലിക്കാൻ സാധിക്കുകയുള്ളൂ. നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| 24. | 22/189UAC | 2018-19 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 8284/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 25. | 32/242(1)UAC | 2019-20 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 1,132/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 26. | 1/12(1)UAC | 2020-21 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 1,954/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 27. | 29/1(1)UA | 2019-20 II-ാം അർദ്ധവർഷം മുതൽ നാളിതു വരെ 3,787/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 28. | 31/320UAC | 2016-17 I-ാം അർദ്ധവർഷം മുതൽ നാളിതു വരെ 32,562/- കുടിശ്ശികയുണ്ട് . | കെട്ടിട നികുതിയുടെ കുടിശ്ശിക ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്. | കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. | നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |

മേൽ സൂചിപ്പിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും നാളിതു വരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. യു.എ. രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 ലൈസൻസ് ഇല്ലാതെ ആയുർവേദസുഖ ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

2020-21 വർഷത്തിൽ നഗരസഭയിൽ നിന്ന് ഡി ആൻഡ് ഒ ലൈസൻസ് എടുത്ത് പ്രവൃത്തിച്ചു വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നിർണ്ണയിക്കുന്നതിലേക്കായി "പാർപ്പിടാവശ്യത്തിന്" എന്ന ഗണത്തിൽപെടുത്തിയാണ് നികുതി നിർണ്ണയിച്ചു വരുന്നത്. കെട്ടിട വിവരങ്ങൾ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ, സ്ഥാപന ഉടമയുടെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഫോം 6 പ്രകാരം കെട്ടിടത്തിന്റെ ഗണം | ഈടാക്കുന്ന വസ്തു നികുതി നിരക്ക് | ഈടാക്കുന്ന വസ്തു നികുതി (സർവീസ് ചാർജ്,ലൈബ്രറി സെസ്സ് ഉൾപ്പടെ) |
|---|---|---|---|---|---|
| 1 | ശ്രീചിത്ര ആയുർഹോം 18/223 ഡോ. പി.വി. മധുസൂദനൻ ശ്രീചിത്ര, മണത്തല. | 687.26 ച.മീ. | പാർപ്പിടാവശ്യം | 10 | 77,625 |
| 2 | ശ്രീചിത്ര ആയുർവേദ നഴ്സിങ് ഹോം 26/77 ഡോ. പി.വി. മധുസൂദനൻ ശ്രീചിത്ര, മണത്തല. | 268 ച.മീ. | പാർപ്പിടാവശ്യം | 10 | 5,060 |

2.3.22 ന് ഫീൽഡ് പരിശോധനയുടെ ഭാഗമായി നഗരസഭ ഡി ആൻഡ് ഒ ലൈസൻസ് നേടി പ്രവർത്തിക്കുന്ന ശ്രീചിത്ര ആയുർ ഹോം (കെട്ടിട നമ്പർ 18 / 223) എന്ന സ്ഥാപനം നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് സന്ദർശിക്കുകയുണ്ടായി. നൽകുന്ന സേവനങ്ങളെ കുറിച്ച് ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

സ്ഥാപനം ആയുർവേദസുഖ ചികിത്സ അടങ്ങുന്ന വിവിധ സേവനങ്ങളുടെ വിവരണങ്ങൾ നൽകി.

സ്ഥല പരിശോധനയിലും തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിലും ബോധ്യപ്പെട്ടിട്ടുള്ള വസ്തുതകൾ താഴെ ചേർക്കുന്നു.

1. സ്ഥാപനപരിധിയിൽ വിവിധങ്ങളായ കോട്ടേജുകളും കൺസൽട്ടിങ് റൂമുകളും റീക്രീയേഷൻ സ്ഥലങ്ങളും ഉൾപ്പെടുന്നു. എന്നാൽ ലൈസൻസ് നൽകിയ 18/ 223 എന്ന കെട്ടിടം പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയില്ല.

2. സ്ഥലപരിശോധനയിൽ കാണപ്പെട്ട കെട്ടിടങ്ങൾ CRZ ദൂരപരിധി ലംഘിച്ചിട്ടുണ്ട്.

3. CRZ ദൂരപരിധി ലംഘിക്കപ്പെട്ട കെട്ടിടം/കെട്ടിടങ്ങൾക്ക് നഗരസഭയിൽ നിന്നും UA നമ്പർ അല്ല നൽകിയിട്ടുള്ളത്.

4. സ്ഥലപരിശോധനയിൽ സ്ഥാപനപരിധിയിൽ ഒരു ഇരു നില കെട്ടിടം കൂടാതെ 5 മറ്റ് കെട്ടിടങ്ങളും നിലനിൽക്കുന്നതായി കണ്ടു .

5. 2007- ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്റ്റിലെ നിർവചന പ്രകാരം ഇത്തരം ആയുർവേദ ചികിത്സ നൽകുന്നതിനുള്ള ഏതൊരു പേരിലും അറിയപ്പെടുന്ന സ്ഥാപനവും "ആയുർവേദ ആരോഗ്യകേന്ദ്രം" എന്ന ഗണത്തിൽ ഉൾപ്പെടുന്നതാണ്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 (3) പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യം തന്നെ പെർമിറ്റ് ലഭിക്കാതെ ഒരാളും നിലവിലുള്ള ഒരു കെട്ടിടത്തിന്റെ കൈവശം ഒരു ഗണത്തിൽ നിന്നും മറ്റൊരു ഗണത്തിലേക്ക് മാറ്റുവാൻ പാടില്ലാത്തതാകുന്നു. ഈ കെട്ടിടം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 'പാർപ്പിടാവശ്യം' എന്ന ഗണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. നിലവിൽ ഈ കെട്ടിടം 'ആയുർവേദ ആരോഗ്യകേന്ദ്രം' എന്ന് തരം മാറ്റി ഒക്യുപൻസി എടുത്തിട്ടില്ല. എന്നിരിക്കെ നഗരസഭ ലൈസൻസ് എടുത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ടി സ്ഥാപനങ്ങൾക്കെതിരെ, നഗരസഭ ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ നാളിതു വരെയും സ്വീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2. CRZ ദൂരപരിധി ലംഘിച്ച കെട്ടിടത്തിന് നഗരസഭ നൽകിയ നമ്പർ, UA നമ്പർ അല്ല. CRZ ലംഘിച്ച കെട്ടിടങ്ങൾക്ക് എന്തടിസ്ഥാനത്തിലാണ് UA ഗണത്തിലല്ലാത്ത നമ്പർ നൽകിയിട്ടുള്ളത്.

3. നഗരസഭ വസ്തുനികുതി ഈടാക്കിക്കൊണ്ടിരിക്കുന്ന 18/ 223 എന്ന കെട്ടിടത്തിന് പുറമെയുള്ള മറ്റ് 5 കെട്ടിടങ്ങൾക്ക് (കൺസൾട്ടിങ് റൂം, കോട്ടേജ് എന്നിവ ഉൾപ്പടെ CRZ ലംഘിച്ച കെട്ടിടങ്ങൾക്ക്) ചട്ടപ്രകാരം നൽകുന്ന UA നമ്പർ നൽകി, പൊളിച്ചു നീക്കം ചെയ്യുന്നത് വരെ നികുതി ഈടാക്കണം എന്നത് പാലിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4. 1994 കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 244 പ്രകാരം വസ്തുനികുതി തിട്ടപ്പെടുത്തുന്നതിനു വേണ്ടി സെക്രട്ടറിക്ക് നോട്ടീസ് മുഖേന കെട്ടിട ഉടമയോടോ, കൈവശക്കാരനോടോ വിവരങ്ങൾ ആവശ്യപ്പെടാവുന്നതും ആയതിലൂടെ യഥാർത്ഥമായ റിട്ടേൺ നൽകുന്നതിനും സാധിക്കുന്ന എന്നിരിക്കെ ഇത്തരത്തിലുള്ള നിയമനടപടികൾ സ്വീകരിക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

5. സഞ്ചയ പ്രകാരം 18/ 223 എന്ന കെട്ടിടത്തിന് 6 വർഷമാണ് കാലപ്പഴക്കം എന്നാണ് ചേർത്തിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ വസ്തുനികുതി 2001 രണ്ടാം അർദ്ധ വർഷം മുതലുള്ളത് പരിഷ്കരിച്ച് 2016 ൽ പുതുക്കി നിശ്ചയിച്ചതായും കാണുന്നു. മാത്രമല്ല, 26/ 77 എന്ന കെട്ടിടത്തിന് 12 വർഷമാണ് കാലപ്പഴക്കം എന്നാണ് ചേർത്തിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ വസ്തുനികുതി 2008 ആദ്യ അർദ്ധ വർഷം മുതലുള്ളത് പരിഷ്കരിച്ച് 2016 ൽ പുതുക്കി നിശ്ചയിച്ചതായും കാണുന്നു. സഞ്ചയ അപ്രൂവൽ വരെ കഴിഞ്ഞ ഡാറ്റാബേസിലെ ഈ വിവരങ്ങളിൽ ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

തുടർന്ന് അവരുടെ തന്നെ ഉടമസ്ഥതയിലുള്ള 24 -ാം വാർഡിൽ പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമായ "ശ്രീചിത്ര ആയുർയോഗതീരം" എന്ന സ്ഥാപനവും സന്ദർശിച്ചു. സ്ഥാപന പരിധിയിൽ വിവിധ കോട്ടേജുകളും യോഗാസ്ഥലങ്ങളും സ്വിമ്മിങ് പൂളും ഉൾപ്പെടുന്നു. സ്ഥാപനത്തിലെ സേവനങ്ങൾ, നഗരസഭ ഡി ആൻഡ് ഓ ലൈസൻസ് എടുത്തതിന്റെ വിവരം, സ്ഥാപനപരിധിയിലുള്ള കെട്ടിടങ്ങളുടെ കെട്ടിട നമ്പറുകൾ, എന്നിവ സ്ഥാപന ഉടമയോട് ആവശ്യപ്പെട്ടതിനെ തുടർന്ന് 3.3.22 ന് സ്ഥാപനം നൽകുന്ന ആയുർചികിത്സാ സേവനങ്ങളുടെയും ബിൽഡിംഗ് നമ്പറുകളുടെയും വിവരങ്ങളുടെ മറുപടി നൽകിയിട്ടുണ്ട്. നിലവിൽ ആയുർവേദ സുഖചികിത്സാ കേന്ദ്രം എന്ന ഈ സ്ഥാപനം ഡി ആൻഡ് ഒ ലൈസൻസ്, പാരാമെഡിക്കൽ ലൈസൻസ് എന്നിവ ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. സ്ഥാപനഉടമ നൽകിയ മറുപടി പ്രകാരമുള്ള നമ്പറുകളായ 24/224 , 24/224-A, 24/220, 24/225 – എന്നിവ കൂടാതെ 24/ 224 (1)എന്ന കെട്ടിടവും സ്ഥാപനപരിധിയിൽ ഉള്ളതായി കെട്ടിട വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 62/4.3.22 ) മറുപടി നൽകിയിട്ടുണ്ട്.

മേൽ കെട്ടിടങ്ങളുടെ നഗരസഭ റെവന്യൂ വിഭാഗം ലഭ്യമാക്കിയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട വിവരം | വസ്തുനികുതി |
|---|---|---|---|---|
| 1. | 24/224 | മജീദ് ,<br>രാമി ഹൗസ് | ഓലപ്പുര<br>46.59 ച. മീ. | 66 /- |
| 2. | 24/224A | മജീദ് ,<br>രാമി ഹൗസ് | ടെറസ്<br>64.85 ച. മീ. | 649/- |
| 3. | 24/220 | ഡോ. പി.വി. മധുസൂദനൻ,<br>ഡോ. പ്രതിഭ,<br>ശ്രീചിത്ര ,മണത്തല | ഓല വീട്<br>22 ച. മീ. | 74 /- |
| 4. | 24/225 | ആമിന,സീനത്ത്,ഹൈദ്രോസ്,സുഹറ,ഫാത്തിമ,സാബിറ,മൊയ്തീൻഷാ<br>കേരൻ്റകത്തു വീട് , മണത്തല. | ഓല വീട്<br>പ്ലിന്ത് ഏരിയ<br>രേഖപ്പെടുത്തിയിട്ടില്ല. | 50/ - |
| 5. | 24/224(1) | ഡോ. പി.വി. മധുസൂദനൻ, ഡോ. പ്രതിഭ,<br>ശ്രീചിത്ര, മണത്തല | 2 നില കെട്ടിടം<br>329. 82 ച. മീ. | 3134/- |

മേൽ സൂചിപ്പിച്ച മുഴവൻ കെട്ടിടങ്ങളും "പാർപ്പിടാവശ്യം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച വരുന്നവയാണ്. എന്നാൽ ടി കെട്ടിടങ്ങളിൽ "ആയുർവേദ സുഖചികിത്സ കേന്ദ്രം" എന്ന രീതിയിൽ പ്രവർത്തിച്ച വരുന്നവയാണ് എന്ന് പ്രാദേശിക പരിശോധനയിലൂടെ ഓഡിറ്റിന് ബോധ്യമായിട്ടുള്ളതാണ്. മാത്രമല്ല ടി കെട്ടിടങ്ങളെല്ലാം നികുതി നിർണ്ണയം നടത്തിയതിൽ നിന്നും രൂപമാറ്റം (മേൽക്കൂര, തറനിർമ്മിതി ഇടങ്ങിയവയിൽ നിന്നും) വരുത്തിയതായി പ്രാദേശിക പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 (2) പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യം തന്നെ പെർമിറ്റ് കരസ്ഥമാക്കാതെ കെട്ടിടത്തിന്കൂട്ടിച്ചേർക്കൽ നടത്തുകയോ കെട്ടിടം വിപുലീകരിക്കുകയോ കെട്ടിടത്തിന് വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ് എന്നിരിക്കെ ഇത്തരത്തിലുള്ള വ്യതിയാനം വരുത്തിയ ഈ കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ പാലിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച മുഴവൻ കെട്ടിടങ്ങളും "പാർപ്പിടാവശ്യം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച വരുന്നവയാണ്.1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 (3) പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യം തന്നെ പെർമിറ്റ് ലഭിക്കാതെ ഒരാളും നിലവിലുള്ള ഒരു കെട്ടിടത്തിന്റെ കൈവശം ഒരു ഗണത്തിൽ നിന്നും മറ്റൊരു ഗണത്തിലേക്ക് മാറ്റുവാൻ പാടില്ലാത്തതാകുന്നു. ഈ കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 'പാർപ്പിടാവശ്യം' എന്ന ഗണത്തിലാണ് പ്രവർത്തിച്ച വരുന്നത്. നിലവിൽ ഈ കെട്ടിടങ്ങൾ 'ആയുർവേദ ആരോഗ്യകേന്ദ്രം' എന്ന് തരം മാറ്റി ഒക്യുപൻസിയും ലൈസൻസും എടുക്കാതെ പ്രവർത്തിക്കുന്നു.

നഗരസഭ പരിധിയിൽ ഒക്യുപൻസി മാറ്റം വരുത്താതെ വർഷങ്ങളായി പ്രവർത്തിക്കുന്ന ശ്രീചിത്ര ആയുർഹോം 18/223, ശ്രീചിത്ര ആയുർവേദ നഴ്സിങ് ഹോം 26/77 എന്നീ സ്ഥാപനങ്ങൾക്കെതിരെയും തരം മാറ്റി ഒക്യുപൻസിയും, ലൈസൻസും എടുക്കാതെ പ്രവർത്തിക്കുന്ന "ശ്രീചിത്ര ആയുർയോഗതീരം" എന്ന സ്ഥാപനത്തിനെതിരെയും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

ആയതിനാൽ 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ റൂൾ 18(1), കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ റൂൾ159(1), കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 515 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ചട്ടപ്രകാരമുള്ള പിഴ സ്ഥാപിച്ച വർഷം മുതൽ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ ടോക്കൺ മെഷീൻ വാങ്ങൽ പദ്ധതി - യു.പി.എസ് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)
പദ്ധതി പേര് : ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ ടോക്കൺ മെഷീൻ വാങ്ങൽ പദ്ധതി
പദ്ധതി നമ്പർ : 177 / 2020-21
അടങ്കൽ തുക : 1,00,000 (മെയ്ന്റനൻസ് ഫണ്ട് )
ചെലവ് : 92,794
ട്രഷറി ബിൽ നമ്പർ/തീയതി: (1) ബിൽ നമ്പർ : 1/ 2020 -21/18.08.20, തുക – 62,709/-
(2) ബിൽ നമ്പർ : 2/ 2020-21/30.11.20, തുക – 12,285/-
(3) ബിൽ നമ്പർ : 3/ 2020-21/31.3.21, തുക – 17,800/-

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലേക്ക് കമ്പ്യൂട്ടർ ടോക്കൺ സിസ്റ്റം വാങ്ങുന്നതിനായി 1,00,000 അനുവദിച്ചതിൽ 92,794 /- ചെലവ് വരുത്തുകയുണ്ടായി. ആയതിൽ കമ്പ്യൂട്ടർ, യു.പി.എസ്. വാങ്ങുന്നതിനു വേണ്ടി 18.8.20ന് കെൽട്രോണിന് (Kerala State Electronics Development Corporation LTD) കൈമാറിയിട്ടുണ്ട്. ഇതിൽ കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ട്. എന്നാൽ നാളിതു വരെയായിട്ടും യു.പി.എസ്. ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം (നമ്പർ : 18632 / 3 .7.20 – കാലാവധി 31.7.20) 22,580 രൂപയാണ് തുക നിശ്ചയിച്ചിരിക്കുന്നത്. നിശ്ചയിക്കപ്പെട്ട തുകയേക്കാൾ 725/- രൂപ അധികം അടവാക്കാനായി കെൽട്രോൺ ആവശ്യപ്പെട്ടതിനെ തുടർന്ന് നാളിതുവരെയായും തുക അടവാക്കാതെ കമ്പ്യൂട്ടർ ഉപയോഗ്യമല്ലാതെയുള്ള അവസ്ഥയാണ് നിലനിൽക്കുന്നത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 13/18.02.22) മറുപടിയായി 25.2.22 ന് JC-9002807 എന്ന ചെക്ക് പ്രകാരം 725/- രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യു.പി.എസ്. ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതിയിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രൊജക്ട് നമ്പർ : 17/21
അടങ്കൽ : 5,00,000
ചെലവ് : 5,00,000
ബിൽ നമ്പർ : 12/20-21/ 23.6.20

താഴെ പറയുന്ന പ്രൊജക്ടുകൾക്ക് മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മരുന്നുകളുടെ മാനുഫാക്ച്ചറിങ് തീയതി ഇൻവോയിസ് തീയതിക്ക് ശേഷം വരുന്ന രീതിയിലാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തൃശ്ശൂരിൽ നിന്നും നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിനെ തുടർന്ന് ഔഷധി, ദ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ്, കുട്ടനല്ലൂരിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിരിക്കുന്നത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 77/5.3.22) മറുപടി ലഭ്യമായിട്ടുണ്ട്. തുക അടവാക്കിയതിന് ശേഷം, 2 മാസത്തിനുള്ളിലാണ് മരുന്ന് ലഭിക്കുന്നത് ആയതിനാലാണ് മരുന്നുകളുടെ ഇൻവോയ്സ് തീയതിക്ക് ശേഷമുള്ള തീയതിയായി മരുന്നുകളുടെ മാനുഫാക്ച്ചറിംഗ് തീയതി വരുന്നത്. ആയത് തൃപ്തികരമല്ല. ടാക്സ് ഇൻവോയിസിൽ സൂചിപ്പിച്ച അതേ മരുന്നുകൾ തന്നെ സപ്ലൈ ചെയ്യേണ്ടതാണ്. ആയതിന് ഔഷധിയിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്ന ടാക്സ് ഇൻവോയ്സ് തയ്യാറാക്കുമ്പോൾ, തയ്യാറാക്കുന്ന തീയതിയിൽ ഔഷധിയിൽ ലഭ്യമായ ബാച്ചുകളിലെ

മരുന്നുകൾ ഉൾപ്പെടുത്തി മാത്രമേ ബിൽ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. എന്നിരിക്കേ മേൽ സൂചിപ്പിച്ച ബിൽ ഇൻവോയ്സുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മരുന്നുകൾ എല്ലാം ഭാവിയിൽ തയ്യാറാക്കാനുള്ള ബാച്ചുകൾ കണക്കാക്കി തയ്യാറാക്കിയതായാണ് കാണുന്നത്. ഔഷധിയിൽ നിന്നും ലഭ്യമാക്കുന്ന ഈ ഇൻവോയ്സുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2020 -21

| ക്രമ നം. | ബാച്ച് നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തീയതി | ഇൻവോയ്സ് ക്രമ നം. | മരുന്നിന്റെ പേര് | മാനുഫാക്ച്ചറിങ്ങ് തീയതി | എക്സ്പയറിംഗ് തീയതി |
|---|---|---|---|---|---|---|---|
| 1 | C17209 | 90190550 | 30.11.2020 | 2 | ഹിങ്കുവച്ചാദി ചൂർണ്ണം | 12 / 20 | 11 /22 |
| 2 | TC320111 | 90190550 | 30.11.2020 | 7 | കർപ്പൂരാദി തൈലം | 12 /20 | 11 /23 |
| 3 | T912033 | 90190550 | 30.11.2020 | 8 | ത്രിഫലാദി | 12 /20 | 11 /23 |
| 4 | T82023 | 90190550 | 30.11.2020 | 9 | ഏലാദി | 12 /20 | 11 /23 |
| 5 | K92021 | 90190550 | 29.2.2020 | 10 | നയോപയം | 12 /20 | 11 /22 |
| 6 | K12040 | 90193460 | 31.12.2020 | 5 | അമൃതോത്തരം | 1/21 | 12 /22 |
| 7 | K72040 | 90193460 | 31.12.2020 | 6 | ദശമൂലകടുത്രയം | 1/21 | 12 /22 |
| 8 | K5520108 | 90193460 | 31.12.2020 | 10 | ഇന്ദുകാന്തം | 1/21 | 12 /22 |
| | | | | | | | |

## 1-27 വെള്ളക്കരം -സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

നഗരസഭയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ 2020-21 വർഷത്തെ വെള്ളക്കരമിനത്തിൽ തൻമാസ ഡിമാന്റും, കുടിശ്ശികയും, പിഴയും സഹിതം 5,27,55,279 രൂപയുടെ ഡിമാന്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. ഇത്രയും വലിയ തുകക്കുള്ള ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5 തിയ്യതി 17/2/22) ലഭ്യമാക്കിയ മറുപടി പ്രകാരം 2015ൽ നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗശൂന്യമായി കണ്ടെത്തിയ 114 ടാപ്പുകളുടെ കരം നാളിതുവരെയായി ഒഴിവാക്കിയിട്ടില്ലെന്നും ആയത് ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും അനുകൂല നടപടികൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ബഹു. ജലസേചന വകുപ്പ് മന്ത്രിക്കും, വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്കും കത്ത് നൽകിയിട്ടുണ്ടെങ്കിലും യാതൊരു അനുകൂല നടപടിയും ഉണ്ടായില്ലായെന്നും മാസം തോറും നഗരസഭക്ക് ലഭിക്കുന്ന ബില്ലിൽ കുറവ് വരുത്താത്തതിനാലും കുടിശ്ശിക ഡിമാന്റ് കൂടിവരുന്ന സാഹചര്യത്തിൽ 372 പൊതുടാപ്പുകളുടെ (7884) കരം തുകയായ 2,44,404 രൂപ മാസം തോറും അടവാക്കുന്നുണ്ടെന്നുമാണറിയിച്ചിട്ടുള്ളത്. 2021 ലെ നഗര സഞ്ചയ പദ്ധതി പ്രകാരം നഗരസഭയിലെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ വലിക്കുന്നതിനും, കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി രണ്ട് കോടി രൂപ വാട്ടർ അതോറിറ്റിയിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതിനാലും, ആയതിന്റെ പ്രവർത്തികൾ നടന്നു വരുന്നതിനാലും പൊതു ടാപ്പുകളുടെ എണ്ണം വീണ്ടും കുറക്കാൻ സാധിക്കുമെന്നതിനാൽ തനത് ഫണ്ടിൽ നിന്ന് ഇത്രയും വലിയ തുകക്കുള്ള ചെലവ് വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും, കുടിശ്ശികയും മറ്റും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.

നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ലെന്ന് പരിശോധനയിൽ കാണപ്പെട്ടു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 2/17.2.22) ലഭ്യമാക്കിയ മറുപടി പ്രകാരം നഗര സഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റ് അലവൻസുകളും ട്രഷറിയിൽ അടവാക്കാറുള്ളതാണെന്നും, കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തനത് ഫണ്ടിലുണ്ടായ കുറവ് മൂലം ഇപ്പോൾ അടവാക്കുന്നില്ലെന്നും മനസ്സിലാക്കുന്നു. നഗരസഭാ സെക്രട്ടറി മുൻസിപ്പാലിററി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റ് അലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതാണ്.

## 1-29 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണം.

2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി പന്ത്രണ്ടിന പരിപാടി -മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 45/2020/ത.സ്വ.ഭ.വ തിയ്യതി. 6/3/20 പ്രകാരം .ദേശീയ പാതകളുടേയും, അല്ലെങ്കിൽ തത്തുല്യ പ്രാധാന്യമുള്ള മറ്റ് റോഡരികുകളിലും, ബസ്സ്റ്റാൻഡ്, മാർക്കറ്റ് തുടങ്ങി പൊതുജനം കൂടുതലായി വരുന്ന സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണം. ചാവക്കാട് നഗരസഭയിൽ ടി നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം (നം.41 തീയതി.3.3.22) ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോടതി പരിസരം, പ്രൈവറ്റ് ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ പണി പൂർത്തീകരിച്ച് വരുന്നുണ്ട്. ദേശീയ പാത 66ന്റെ നവീകരണ പ്രവർത്തനങ്ങൾ കഴിയുമ്പോൾ ഗതാഗതം ബൈപ്പാസ് ചെയ്യുന്ന സാഹചര്യമുള്ളതിനാൽ ടി ബൈപ്പാസിനരികിൽ ടി മാർഗ്ഗരേഖ 4.2 പ്രകാരം കഴിയുന്നിടത്തോളം സി.എസ്.ആർ,എം.പി,എം.എൽ.എ ഫണ്ടുകൾ ഉപയോഗപ്പെടുത്തി വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-30 മുൻകൂർ യഥാസമയം ക്രമപ്പെടുത്തിയില്ല, ചെലവ് രേഖകൾ (2020 -21) ഹാജരാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശ്രീ. ഷമീർ എം.എസ്.ഗ്രേഡ് II ഹെൽത്ത് ഇൻസ്പെക്ടർക്ക് Vr. No.22000121 Dtd.7.5.20, Vr. No.22000335.dtd.8.6.20, Vr.No.22000581.dtd.7.9.20, 32 വാർഡുകളുടെ വാർഡ് സാനിട്ടേഷൻ കമ്മിറ്റി കൺവീനർമാർക്ക് മുൻകൂർ ആയി നല്കിയിട്ടുണ്ട്. എന്നാൽ ആയത് യഥാ സമയം ക്രമപ്പെടുത്തി ചെലവ് രേഖകൾ സമർപ്പിച്ചിട്ടില്ല. മേൽ പ്രകാരം ശ്രീ. ഷമീർ.എം.എസ് ന് നൽകിയ 2,00,000/- രൂപയിൽ 50,540/- ക്രമപ്പെടുത്തിയിട്ടുണ്ട്, സാനിട്ടേഷൻ കമ്മിറ്റി കൺവീനർമാർക്ക് നല്കിയ മുൻകൂർ തുകയുടെ യാതൊരു ചെലവു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജി.ഒ.(പി) 419/1/fin.dtd.4.10.2011 ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനുള്ളിൽ ക്രമപ്പെടുത്താത്ത മുൻകൂറുകൾ 18% പലിശ സഹിതം ഈടാക്കി തിരികെ ഈടാക്കേണ്ടതാണ്. ചെലവു രേഖകൾ ഹാജരാക്കാത്ത 320000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ശ്രീ.ഷമീറിന് നല്കിയ മുൻകൂർ തുക സമയ ബന്ധിതമായി ക്രമപ്പെടുത്താതിനാൽ 18% പലിശ സഹിതം ഈടാക്കി അടവാക്കേണ്ടതാണ്.

## 1-31 ചെലവ് രേഖകൾ ഹാജരാക്കിയില്ല.

2020 – 21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിലെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് / നമ്പർ | ബിൽ നം/ തിയതി | തുക |
|---|---|---|
| സാക്ഷരത നൽകുന്ന പഠന സഹായം So195/21 | 2/20 -21. Dtd.15.4.21. | 172150/ - |
| സ്ട്രീറ്റ് മെയിൻ വലിക്കൽ So196/21 | 24/20 -21 Dtd.16.11.20 | 399683/ - |
| പദ്ധതി രൂപീകരണം, നിർവ്വഹണം മോണിട്ടറിംഗ് So16/21 | 35/20 -21 Dtd.30.1.21 | 24750/ - |

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 596583/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.60A Dtd.3.3.22.)

## 1-32 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2020 -21വർഷത്തെ വിവിധ പദ്ധതികളിലെ അപാകതകൾ.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 2020 -21വർഷത്തെ വിവിധ പദ്ധതികളിലെ അപാകതകൾ.

| പ്രോജക്ടിന്റെ പേര്, നം. | ബിൽ നം. തിയതി. തുക | തുക നല്കിയിട്ടുള്ളത് | റിമാർക്സ് |
|---|---|---|---|
| ഐ.കെ.എം.പ്രവർത്തന ഫണ്ട്. So019/21 | CB.N0.14/20-21 Dtd.18.7.20. 400000/ - | എക്സി.ഡയറക്ടർ, ഐ.കെ.എം. | കൈപ്പറ്റ് രശീത്.യു.സി.എന്നിവ ഹാജരാക്കിയിട്ടില്ല |
| വയോമിത്രം പദ്ധതി.so018/21 | CB.No.10/20-21. Dtd.25.6.20. 1000000/ - | എക്സി.ഡയറക്ടർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ | - ടി - |
| മുതുവട്ടൂർ ലൈബ്രറി ഓഫീസ് ഫർണിഷിംഗ്. So120/21 | 4/20 -21. Dtd,16.3.21. 400000/ - | മാനേജർ , ആർട്ട്കോ | കൈപറ്റ് രശീത്, വിതരണ രേഖ, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. |
| വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ So196/21. | CB.No.5/20 -21. Dtd.12.5.20. 211767/ - CB.No.6/20-21. Dtd.12.5.20. 127483/ - CB.No.56/20 -21. Dtd.31.3.21. 129954/ - | എക്സി,എഞ്ചി. KSEB,ചാവക്കാട് | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| വിവിധ | 7/20 -21. | കേരള വാട്ടർ | കൈപറ്റ് |

| | | | |
|---|---|---|---|
| വാർഡുകളിലേക്ക് പൈപ്പ് ലൈൻ എത്തിക്കുന്നത്. S0024/21 | Dtd.12.5.20. 1200000/ - 29/20 -21. Dtd.16.11.20. 956000/ - | അതോറിറ്റി, പി.എച്ച്.ഡിവിഷൻ, തൃശ്ശൂർ. | രശീത്,ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. |

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും കൈപറ്റ് രശീത്, ധനവിനിയോഗ സാക്ഷ്യപത്രം, ബന്ധപ്പെട്ട മറ്റ് രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 കണ്ടിജൻസി ചെലവുകൾ - ചെലവഴിക്കാത്ത തുക അടവാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രോജക്ട് നം. പേര് - കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ. S0187/21

CB.No.16/2020- 21. Dtd.10.8.20. 10,00,000/-

നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020 -21 വർഷത്തിൽ നടപ്പാക്കിയ കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ എന്ന പ്രോജക്ടിൽ വിവിധ സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾക്കായി തുക നല്കിയിട്ടുണ്ട്. സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ ചാവക്കാടിന് 8,00,000/ -രൂപ നല്കിയിട്ടുണ്ട്. താലൂക്ക് ഹോസ്പിറ്റലിൽ നിന്നും ഹാജരാക്കിയ ധനവിനിയോഗ സാക്ഷ്യപത്രത്തിൽ സെക്രട്ടറി കൈമാറി നല്കിയ 8,00,000/ രൂപയിൽ 7,53,876/ - രൂപ ചെലവഴിക്കുകയും 46,124/ - രൂപ ചെലവഴിക്കാത്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ചെലഴിക്കാത്ത മേൽ തുകകൾ നഗര സഭ ഫണ്ടിൽ തിരിച്ചടച്ചതായി കാണുന്നില്ല. ധനവിനിയോഗ സാക്ഷ്യപത്രപ്രകാരമുള്ള ചെലവ് രേഖകൾ, സബ് വൗച്ചർ നമ്പർ രേഖപ്പെടുത്തി കൃത്യമായി പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് വൗച്ചറുകൾ, ബില്ലുകൾ എന്നിവ മുകളിൽ പറഞ്ഞ ചെലവുകളുമായി കൃത്യതയോടെ പരിശോധിക്കാനായില്ല. ചെലഴിക്കാത്ത തുക നഗരസഭ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ചെലവ് വൗച്ചറുകൾ , ബില്ലുകൾ എന്നിവ സബ് വൗച്ചർ നമ്പർ നല്കി കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്.

## 1-34 അഗതി രഹിത കേരളം - ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്.

സി.ഡിഎസ്.ചെയർപേഴ്സൺ,മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ A/C No.4262000100114186. അഗതി രഹിത കേരളം - ആശ്രയ പദ്ധതി വേണ്ടി ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 31.3.2021 ലെ നീക്കിയിരിപ്പ് തുക 22,34,415.30/- രൂപയാണ്. അഗതി രഹിത കേരളം - ആശ്രയ പാക്കേജുകളിൽ വിവിധ പദ്ധതികൾ ഉള്ളപ്പോൾ സമൂഹത്തിലെ നിരാലംബരും നിർധനരുമായ ജനങ്ങൾക്ക് നല്കേണ്ട സേവനങ്ങൾ നല്കാതെ വൻതുക ബാങ്ക് അക്കൗണ്ടുകളിൽ കൂട്ടിയിട്ടുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-35 മത്സ്യ വില്പനക്ക് മോട്ടോർസൈക്കിളും ഐസ്ബോക്സും -സബ്സിഡി അധികം നൽകി

പ്രോജക്റ്റ് : So 235/21

അടങ്കൽ : 421500

ഫണ്ട് വികസനഫണ്ട്(ജനറൽ) : 181500

: 2,40,000

നിവഹണ ഉദ്യോഗസ്ഥൻ : സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ചെലവ് : 61500

ട്രഷറി ബിൽ - 2/24.04.20, തുക 61,500/-

ഇ-വൗച്ചർ - 2200178/11.04.20

സ.ഉ.(കൈ) നം 22/2018/ത.സ്വ.ഭ.വ 14-2-2018 ഖണ്ഡിക:6-3 ക്രമ നം, 20, 21 പ്രകാരം മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും അടങ്ങുന്ന യൂണിറ്റിന്, യൂണിറ്റ് വില 60,000 രൂപയും, അനുവദനീയമായ സബ്സിഡി, യൂണിറ്റ് വിലയുടെ 50% പരമാവധി 30,000 രൂപയുമാണ്. മത്സ്യ വില്പനക്ക് ഐസ്ബോക്സ് മാത്രം വാങ്ങുന്ന സംഗതിയിൽ യൂണിറ്റ് വില 3,000 രൂപയും, അനുവദനീയമായ സബ്സിഡി, യൂണിറ്റ് വിലയുടെ 50% പരമാവധി 1,500 രൂപയുമാണ്. ഐസ്ബോക്സ് മത്സ്യത്തൊഴിലാളികൾ നേരിട്ട് വാങ്ങിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുവദനീയമായതിലും അധികം സബ്സിഡി നൽകിയിട്ടുണ്ട്. മത്സ്യ വില്പനക്കുള്ള മോട്ടോർ സൈക്കിളിന് യഥാർത്ഥ വിലയുടെ 50% ആണ് അനുവദിക്കാവുന്ന സബ്സിഡി. (28,500 രൂപയാണ് സബ്സിഡി ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക). 3 മത്സ്യത്തൊഴിലാളികൾക്ക് മോട്ടോർ സൈക്കിളിന് യഥാർത്ഥ വിലയുടെ 50% അനുവദിക്കുന്നതിനു പകരം യൂണിറ്റ് വിലയുടെ പരമാവധി 28,500 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവ് | അനുവദനീയ മായ സബ്സിഡി, (വാഹന വില) | അനുവദിച്ചത് | അധികം | വാഹനം വാങ്ങിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | പി.എ.തിലകൻ | 22115(44230) | 28500 | 6385 | KPM/GST/0094/20-5-20 ടോംസ് മോട്ടോഴ്സ് ചാവക്കാട് |
| | | | | 6385 | |

അധികമായി അനുവദിച്ച 6,385/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-36 ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

1. പ്രോജക്റ്റ് - S0157/21 ഫർണീച്ചറുകൾ വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ് ,ജി.എച്ച്.എസ്.മണത്തല

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

അടങ്കൽ - 500000

ട്രഷറി ബിൽ, തുക - 2/28-10-20 ,498597

ഇ വൗച്ചർ - 22001163/27-10-20

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് ഫർണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. (ബിൽ നം-117/25-8-20)എന്നാൽ ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റേയും ,വിതരണം നടത്തിയതിന്റേയും രേഖകൾ ഫയലിൽ ഇല്ല.

2. ലാപ് ടോപ്പുകൾ വാങ്ങൽ

പ്രോജക്റ്റ് – So 155/21

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

അടങ്കൽ – 300000

ചെലവ് – 295139

ട്രഷറി ബിൽ/ തിയതി – 3/28.10.20 (ഇ-വൗച്ചർ – 22001267/28.10.20)

മീഡിയം എൻഡ് ഉബൺഡു സ്പെസിഫിക്കേഷനോടു കൂടിയ 13 ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി, കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് (ഇൻവോയ്സ്-TVM/ITBG/PI/RC/19821/20-21/27-10-20) പ്രകാരം മേൽ തുക കെൽട്രോണിന് കൈമാറിയിട്ടുണ്ട്. (യൂണിറ്റ് ഒന്നിന് 22703 നിരക്കിൽ.)എന്നാൽ ലാപ് ടോപ്പുകൾ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ (GST Sl,no.py S121034170/10-6-21) 10 യൂണിറ്റുകൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്. ഈയിനത്തിൽ 261818.40 രൂപയാണ് കെൽട്രോണിന്റെ ബിൽ തുക. ശേഷിക്കുന്ന ലാപ് ടോപ്പുകൾ പിന്നീട് ലഭ്യമായതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അധികമായി നൽകിയ (33320.60 ) തുക തിരികെ ലഭിച്ച രേഖകളും ഇല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 21/21-2-22) കെൽട്രോണിന് അധികമായി നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ -ചെലവു രേഖകൾ ലഭ്യമാക്കാത്തതിനാൽ 6,37,442 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട വൗച്ചറുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ, വിതരണ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

1. പ്രോജക്ട് നമ്പർ – 14/21 മത്തിക്കായലിൽ പുഞ്ചകൃഷി

അടങ്കൽ – 500000

ചെലവ് – 284256

ഫണ്ട് – വികസനഫണ്ട്(ജനറൽ)

ട്രഷറി ബിൽ-

1) 17/25.01.21 ,108000

ഇ വൗച്ചർ – 22001186/22-1-21

2) 28/15.03.21 , 156808

ഇ വൗച്ചർ – 22001587/10-3-21

3) 29/20.03.21 ,19448

ഇ വൗച്ചർ – 2201523/19-3-21

2. പ്രോജക്ട് നമ്പർ - 232/21 ഹരിത കേരളം – മത്തിക്കായലിൽ പുഞ്ചകൃഷി

അടങ്കൽ – 370400

ചെലവ് – 353186

ഫണ്ട് – വികസനഫണ്ട്(ജനറൽ)

ട്രഷറി ബിൽ-

1) 2/17.04.20, 326160

ഇ വൗച്ചർ – 22000180/11.4.20

2) 18/23.01.21, 27026

ഇ വൗച്ചർ – 22001202/22.01.2021

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി- 66/4.3.22). ചെലവു രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 6,37,442/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-38 തനതു ഫണ്ട് - ചെലവു രേഖകൾ ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

നഗരസഭയിലെ തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | വൗച്ചർ നമ്പർ,തീയതി | ചെക്ക്നമ്പർ, തുക | വിവരണം |
|---|---|---|---|---|
| 1. | H-3920/20 | 153/15 -3-21 | 972453/ 320000 | വാർഡ്തല സാനിറ്റേഷൻ,ശുചിത്വ മിഷൻഫണ്ട് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിൽ അനുവദിച്ചത് |
| 2 | E 3 -10308/20 | 47/12 -3 -21 | 972379/ 51424 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്,അസിസ്റ്റന്റ് എഞ്ചിനീയർ,കെഎസ്.ഇ.ബി.ബീച്ച് സെക്ഷൻചാവക്കാട്(വാർഡ്19,20,32) |
| 3 | A2-436/20 | 32/6-11-20 | 671522/ 100000 | തെരഞ്ഞെടുപ്പ് ചെലവുകൾ ,2020മുൻകൂർ നൽകിയത് .സന്തോഷ്.സി.ജെ.ക്ളർക്ക് |
| 4 | A2-436/20 | 61/28-12-20 | 531343/ 50000 | തെരഞ്ഞെടുപ്പ് ചെലവുകൾ ,2020മുൻകൂർ നൽകിയത് .സന്തോഷ്.സി.ജെ.ക്ളർക്ക് |
| | ആകെ | | 521424 | |

ചെലവു രേഖകളുടെ അഭാവത്തിൽ 5,21,424/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 ABC പ്രോഗ്രാം-വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് – SO09/21

അടങ്കൽ – 3,00,000/-

ചെലവ് – 3,00,000/-

ഫണ്ട് – വികസന ഫണ്ട്

നിർവഹണ ഉദ്യോഗസ്ഥൻ - സീനിയർ വെറ്റിനറി സർജൻ

വൗച്ചർ നം/ തീയതി – 22000760/18.09.20

പദ്ധതിയുടെ നിർവഹണത്തിനായി മേൽ ട്രഷറി ബിൽ പ്രകാരം തുക 3,00,000/- രൂപ പിൻവലിച്ച്, കുടുംബശ്രീ ജില്ല മിഷൻ കോ ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-40 ഷീ സ്റ്റേ ,നിർമ്മാണം അപാകതകൾ.

ചാവക്കാട് നഗരസഭ 2.3കോടി രൂപ ചെലവഴിച്ച് മുതുവട്ടൂരിൽ പണി കഴിപ്പിച്ചിരിക്കുന്ന ഷീ സ്റ്റേ/ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടം 19/7/20 തിയ്യതി ഉൽഘാടനം കഴിച്ചതിനു ശേഷം നാളിതു വരെയായി പ്രവർത്തനമാരംഭിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് പ്രതിസന്ധി മൂലം താമസക്കാർ ലഭ്യമായിട്ടില്ലെന്നും,ടി കാലത്ത് കെട്ടിടം ഡി.സി.സിയായി പ്രവർത്തിച്ചു വരുകയായിരുന്നെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഷീ സ്റ്റേ കെട്ടിടം പരിശാധിച്ചതിൽ താഴെ പറയുന്ന സുരക്ഷാ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് കാണുന്നു.

* താഴത്തെ രണ്ടു നിലകൾ ഷോപ്പിങ്ങ് കോംപ്ലക്സുകളും മുകളിലെ നിലയിൽ ആറു മുറികളോട് കൂടിയ ഷീ സ്റ്റേയുമാണ് തയ്യാറാക്കിയിട്ടുള്ളത്. ഷോപ്പിങ്ങ് കോംപ്ലക്സിനുള്ളിലൂടെ മാത്രമേ സ്ത്രീകളായ താമസകാർക്ക് കെട്ടിടത്തിനുള്ളിലേക്ക് പ്രവേശിക്കാനാകുകയുള്ളൂ.

*ഷീ സ്റ്റേ കെട്ടിടത്തിലേക്ക് താഴത്തെ നിലയിൽ നിന്ന് സ്ത്രീ താമസക്കാർക്ക് അനായാസമായും സുരക്ഷിതമായും പ്രവേശിക്കാൻ കഴിയില്ലായെന്നത് അപാകതയാണ്. ആയത് ആവശ്യമായ മതിലുകളോ ,സുരക്ഷാവേലികളോ കെട്ടി വേർതിരിച്ചിട്ടില്ല.

നഗര പ്രദേശത്ത് സ്ത്രീകളായ യാത്രകാർക്ക് സുരക്ഷിതമായ താമസസൗകര്യം ഉറപ്പാക്കാനായി വിഭാവനം ചെയ്ത പദ്ധതി സുരക്ഷാ വീഴ്ച്ച കൂടാതെ നടപ്പാക്കാൻ ജാഗ്രതയുണ്ടാകണമെന്നും, അതുവഴി താമസക്കാർക്ക് ഉപകാരപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം ഭാവിയിൽ

നിഷ്ക്രിയ ആസ്തിയായി മാറാനിടയുണ്ടെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-41 ലീഗൽ ചാർജ്ജസ്- സ്രോതസ്സിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല. സാധൂകരണം തേടിയിട്ടില്ല.സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭയിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസിനത്തിൽ 1,44,500/- രൂപ നൽകിയിട്ടുണ്ട്, എന്നാൽ ടി വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ, തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

കൂടാതെ ബഹു.കേരള ഹൈകോടതിയിൽ ഫയൽ ചെയ്ത വിവിധ കേസുകൾക്കായി ശ്രീമതി ഗിരിജ കെ. ഗോപാൽ എന്ന അഡ്വക്കേറ്റിന് ലീഗൽ ചാർജിനത്തിൽ 1,17,500/- രൂപ നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 054805/14.1.21 വൗച്ചർ നം.22001042). 18-2-16 ലെ സ.ഉ.36/16 ത.സ്വ.ഭ.വ. പ്രകാരം അൻപതിനായിരം രൂപയിൽ അധികമായി നൽകുന്ന ലീഗൽ ചാർജ്ജുകൾക്ക് സർക്കാർ അനുമതി ആവശ്യമാണ്. മാത്രമല്ല ഒന്നിലധികം കേസുകൾക്കുള്ള ഫീസ് തുകയാണെങ്കിലും ഒറ്റ ചെക്കിൽ നൽകിയതിനാൽ ഇൻകം ടാക്സ് ആക്റ്റ് 194 ജെ. പ്രകാരം 30,000 രൂപയിൽ അധികമായി നൽകുന്ന ഫീസ് തുകയുടെ 10 ശതമാനം ആദായ നികുതി പിടിച്ച് അടവാക്കേണ്ടതായിരുന്നു. ആയത് അടവാക്കിയിട്ടില്ലെന്നും, സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ലായെന്നും ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. മേലിൽ പരിധിയിൽ കവിഞ്ഞ ലീഗൽ ചാർജ്ജുകൾ സർക്കാർ അനുമതിയോടെ മാത്രം അനുവദിക്കണമെന്ന നിർദേശം കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ സ്യൂട്ട് രജിസ്റ്ററിൽ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-42 വാഹന പരിപാലനം അപാകതകൾ

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ.46.ടി-5377, ബൊലറോ ജീപ്പ്, കെ.എൽ 46-ടി- 230 മാരുതി സ്വിഫ്റ്റ്, കെ.എൽ.46 ടി 4340 ബൊലറോ ജീപ്പ് , കെ.എൽ46 എഫ് 7473, കെ.എൽ46 9457 ട്രാക്ടറുകൾ എന്നിവയുടെ ലോഗ് ബുക്ക് റിപ്പയർ റജിസ്റ്റർ, ഇന്ധന റജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ് ബുക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഇന്ധനം നിറയ്ക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലല്ല.

3)ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, ആയതിനാൽ അത് പ്രകാരമുള്ള ഇന്ധനക്ഷമത വാഹനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നംപർ 41/2008/ധനം സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

4) കെ.എൽ46 എഫ് 7473,, കെ.എൽ46 9457 ട്രാക്ടറുകൾ ഇൻഷൂർ ചെയ്തിരിക്കുന്നത് നാഷണൽ ഇൻഷൂറൻസ് കമ്പനിയിലാണ് എന്നാൽ 18-4-2000 തിയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ 819/2000/ധനം. പ്രകാരം വാഹനങ്ങൾ കേരള സ്റ്റേറ്റ് ഇൻഷൂറൻസ് ഡിപ്പാർട്ട്മെന്റിൽ ഇൻഷൂർ ചെയ്യേണ്ടതാണ്.

5) മുനിസിപാലിറ്റി ചട്ടം 4 പ്രകാരം വാഹനങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധ വർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല.

ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-43 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

ചാവക്കാട് നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കുന്നില്ല.ഇതുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/14-2-22) ലഭ്യമാക്കിയ മറുപടി പ്രകാരം പങ്കാളിത്ത പെൻഷൻ വിഭാഗത്തിൽ വരുന്നവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അക്കൗണ്ടിലേക്ക് അടവാക്കുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്. പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ലായെന്ന് മനസ്സിലാക്കുന്നു. 1997 ലെ കേരള മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ എച്ച് 7 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭാവിയിൽ തനത് ഫണ്ടിൽ നിന്ന് കൂടുതൽ തുക ടി ഇനത്തിൽ ചെലവ് വരുന്നതിനിടയാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-44 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 38,000 രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ലായെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 59) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. ജി.ഒ(പി)419/11 ധന 4/10/11 കെ.എഫ്.സി അനുഛേദം 99 പ്രകാരം താൽകാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായും വിനിയോഗിക്കാത്ത അഡ്വാൻസ് തുകക്ക് വർഷത്തേക്ക് 18 ശതമാനം നിരക്കിൽ

പലിശ ഈടാക്കണം .സമയ പരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും അടിയന്തിരമായി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണം.

## 1-45 സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം

14/2/18 തിയ്യതിയിലെ സ.ഉ.(കൈ) നമ്പർ 22/18 ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം പതിമൂന്നാം പദ്ധതിയിൽ കായിക രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ് വരുത്താനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും ഇത് ആവശ്യമാണ്. എന്നാൽ ചാവക്കാട് നഗരസഭയിൽ ആവശ്യത്തിന് കളിക്കളങ്ങളുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/21-2-22) ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ കളിക്കളങ്ങൾ ഇല്ലായെന്നും, സ്വന്തമായി സ്റ്റേഡിയം നിർമിക്കാനായി 3.4 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ടെന്നും, നഗരസഭയുടെ കീഴിലുള്ള സ്കൂളുകളിൽ കളിക്കളങ്ങളുണ്ടെന്നും അറിയിച്ചിട്ടുണ്ട്, ജനസാന്ദ്രതയേറിയ നഗര പ്രദേശമായതിനാൽ ഭൂമിയുടെ ലഭ്യത കുറവ് വിശാലമായ കളിക്കളങ്ങൾ നിർമിക്കുന്നത് അപ്രായോഗികമാക്കുന്നുണ്ടെങ്കിൽ നിലവിലുള്ള കളിക്കളങ്ങൾ നവീകരിക്കുന്നതാണ് കരണീയം, എന്നിരുന്നാലും ചെറിയ ടർഫുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ മുതലായവ നിർമിക്കുന്നതിന് സാദ്ധ്യത കാണുന്നു. ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ്, സ്കൂൾ കുട്ടികൾക്ക് അറ്റ്ലറ്റിക്സ് പരിശീലനം തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. ആയതിനാൽ സ്പോർട്സ് കൗൺസിൽ എത്രയും വേഗം രൂപീകരിച്ച് കളിക്കളങ്ങളിലേക്ക് വ്യായാമത്തിനും, ഉല്ലാസത്തിനുമായി പൊതുജനങ്ങൾ വരുന്ന സാഹചര്യം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-46 ജിയോടാഗിങ്ങ് നടപടികൾ പൂർത്തിയാക്കണം

2020-21 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈ./ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനം നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമായി ജിയോടാഗ് ചെയ്തിട്ടുണ്ടോയെന്ന വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ജിയോടാഗിങ്ങ് നടപടികൾ പൂർത്തിയായി വരുന്നുണ്ടെന്നും, ജിയോടാഗിങ്ങ് സൈറ്റുമായി ബന്ധപ്പെട്ട സാങ്കേതിക തകരാർ മൂലമാണ് പ്രവർത്തികൾ വൈകിയതെന്നുമാണറിയിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിന്റെ തുടക്കത്തിലും പൂർത്തീകരണ ഘട്ടത്തിലും ജിയോടാഗ്ഗിങ്ങ് ചെയ്യേണ്ടതാണ്. ഭവനം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മുമ്പിൽ നിന്നും എടുത്തിട്ടുള്ള ഫോട്ടോകൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ വേണം ജിയോടാഗ്ഗിങ്ങ് ചെയ്യേണ്ടത്. ഫൗണ്ടേഷൻ പൂർത്തിയാകുന്നതിന് മുമ്പായി ആദ്യ ഫോട്ടോ എം.ഐ.എസിലേക്ക് നിർവ്വഹണോദ്യോഗസ്ഥൻ അപ്‌ലോഡ് ചെയ്യേണ്ടതാണ്. നിർവഹണം പൂർത്തിയാകുമ്പോൾ അന്തിമ ഗഡു നൽകുന്നതിന് മുമ്പായി പൂർത്തീകരിച്ച ഭവനത്തിന് മുന്നിൽ ഗുണഭോക്താവിനെ നിർത്തി ഒരിക്കൽ കൂടി ജിയോടാഗ്ഗിങ്ങ് നടത്തേണ്ടതാണ്.

സ.ഉ (കൈ) നം. 137/2018/ത.സ്വ.ഭ.വ. തിയ്യതി. 24/9/18 പ്രകാരം ലൈഫ് മിഷൻ പദ്ധതിക്കായി ദേശീയ തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും സംയോജിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. എന്നാൽ അത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്നാണ് ടികാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ധാരാളം ഗുണഭോക്താക്കളുള്ള സാഹചര്യത്തിൽ ഭവന നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിന്റെ സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ് .

16-7-19 തിയ്യതിയിലെ സ.ഉ (എം.എസ്) നം.91/19 ത.സ്വ.ഭ.വ. പ്രകാരം ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഭവന സമുച്ചയാധിഷ്ഠിത പുനരധിവാസത്തിന് മുൻഗണന നൽകേണ്ടതാണ്. രണ്ടാം വാർഡിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 44 യൂണിറ്റ് ഭവന സമുച്ചയം വിഭാവനം ചെയ്തിട്ടുണ്ടെന്നാണ് ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.ടി ആവശ്യത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിശോധിക്കപ്പെടേണ്ടതാണ്. ആയതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധയുണ്ടാവേണ്ടതാണ്.

## 1-47 മരാമത്ത് പദ്ധതി പ്രവർത്തനങ്ങളും പൊതിനിരീക്ഷണങ്ങളും

ആസ്തി രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകളെല്ലാം കാര്യക്ഷമമായി സൂക്ഷിച്ചിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച നോട്ട് ഫയലുകളെല്ലാം ചിട്ടയായി സൂക്ഷിച്ചിട്ടുള്ളതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുന്ന കാര്യത്തിലും അപാകതകൾ ആവർത്തിക്കില്ല എന്നെടുത്ത തീരുമാനത്തിലും നിർവ്വഹണ ഉദ്യോഗസ്ഥർ കാണിച്ച ശുഷ്കാന്തി ശ്രദ്ധേയമാണ്.

നഗരസഭാ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം ആവിഷ്കരിച്ച 9 പ്രൊജക്റ്റുകൾക്കുവേണ്ടിയും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2,95,96,000 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 14932252 രൂപ ചെലവാക്കി.

അസി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 208 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 181 പ്രൊജക്റ്റുകൾക്കുവേണ്ടിയും തുക ചെലവഴിച്ചു. 10,07,22,213 രൂപയുടെ അടങ്കലിൽ 671,99,471 രൂപ തൻവർഷം ചെലവഴിച്ചു.

## 1-48 ചമച്ചിട്ടുള്ള കരാറുകൾ ആധികാരികമല്ല

നഗരസഭയിലെ അസി.എൻജിനീയർ, അസി.എക്സി. എൻജിനീയർ എന്നിവർ നിർവഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളിൽ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ നിബന്ധനകൾ പ്രകാരമല്ല നഗരസഭയിൽ കരാർ ചമച്ചിട്ടുള്ളത്. അതിന് പകരം കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് കരാർ ചമച്ചിട്ടുള്ളത്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ എല്ലാ ത.സ്വഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിനനുസൃതമായിട്ടുള്ള മാതൃകയിൽ കരാർ ചമക്കണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 27/22.02.22) മറുപടിയിൽ ഭാവിയിൽ അപ്രകാരം കരാർ ചമക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

## 1-49 സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ് ,10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും നഗരസഭയിലെ അസി.എക്സി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഈ നിബന്ധന പാലിക്കുകയുണ്ടായിട്ടില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ കൂടി ഇതോടൊപ്പം കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നം | 287/21 |
| ഫയൽ നം | E1-13161/18 |
| പ്രവൃത്തി | പൂക്കുളം സൈഡ് കെട്ടി സംരക്ഷിക്കൽ |
| അടങ്കൽ,ഫണ്ട് | 4460000,CFC ഗ്രാന്റ് |
| കരാറുകാരൻ | പി.പി.സുനിൽകുമാർ |
| കരാർ | 2/19-20/2.8.19 |
| അളവുപുസ്തകം | 1/19-20 |
| ബിൽ നം.തുക | 4/12/11/20 – 4404561/- |

ഈ പ്രവൃത്തിയുടെ ഇനം 12 ആയി ഗ്രേഡ് 500 D യോ അതിലധികമോ ഉള്ള ഉരുക്കുകമ്പി ഉപയോഗിച്ച് 11389.699 Kg ചെയ്തതിന് 77.680/kg നിരക്കിൽ 884751.82 രൂപ നൽകിയിട്ടുണ്ടെങ്കിലും ഉരുക്കുകമ്പികളുടെ കോമ്പ്രിഹെൻസീവ് സ്ട്രങ്ത് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് കരാറുകാരൻ സമർപ്പിച്ചിട്ടില്ല. തുടർന്ന് തുക അനുവദിക്കുന്ന അവസരങ്ങളിൽ ഗുണനിലവാര സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകേണ്ടതാണ്.

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 144/21 |
| പ്രവൃത്തി | പൂക്കുളം നവീകരണം,ബാക്കി ഭാഗം |
| അടങ്കൽ,ഫണ്ട് | 3752073 CFC ഗ്രാന്റ്<br>1548927 തനതുഫണ്ട്<br>ആകെ 53,00,000 രൂപ |
| കരാറുകാരൻ | പി.പി.സുനിൽകുമാർ |
| കരാർ | 105/20-21/28.1.21 |
| അളവുപുസ്തകം | 110/20-21 |
| ബിൽ നം,തുക | 13/29/3/21, 697582 രൂപ, ഒന്നാം ഭാഗികബിൽ |

ഈ പ്രവൃത്തിയുടെ ഇനം 12 ആയി 2926.316 കി.ഗ്രാം പ്രബലിത കോൺക്രീറ്റ് ചെയ്തതിന് കി. ഗ്രാമിന് 74 രൂപ നിരക്കിൽ 2,16,547.38 രൂപ നൽകിയിട്ടുണ്ടെങ്കിലും ഉരുക്കുകമ്പിയുടെ കോമ്പ്രഹെൻസീവ് സ്ട്രെങ്ത് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് പാർട്ട് ബിൽ സമർപ്പിക്കുന്ന സമയത്ത് കരാറുകാരൻ സമർപ്പിച്ചിട്ടില്ല.പ്രവൃത്തി ഇനിയും നടക്കേണ്ടതുള്ളതുകൊണ്ട് അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ കരാറുകാരന് ഇനി ബിൽ തുക അനുവദിക്കുവാൻ പാടുള്ളൂ.

3.

| | |
|---|---|
| പ്രൊജക്റ്റ് നം | 284/21 |
| പ്രവൃത്തി | ഹോസ്പിറ്റൽ സഹകരണ റോഡിൽ കാന നിർമാണം |
| അടങ്കൽ | 3800000 |
| കരാറുകാരൻ | സി.പി.വിനോദ്കുമാർ |
| കരാർ | 77/20-21/22.10.20 |
| അളവുപുസ്തകം | 85/20-21 |
| ബിൽ നം, തുക | 11/25/3/21,1945575 രൂപ, ഒന്നാം ഭാഗിക ബിൽ |

ഈ പ്രവൃത്തിയുടെ ഇനം 6 ആയി 4.60614 ടൺ ഉരുക്കുകമ്പി ഉപയോഗിച്ച് പ്രബലിത കോൺക്രീറ്റ് ചെയ്തതിന് ടണ്ണിന് 67900.61 രൂപ നിരക്കിൽ 312760.26 രൂപ നൽകിയെങ്കിലും പാർട്ട് ബിൽ സമർപ്പിക്കുന്ന സമയത്ത് ഉരുക്കുകമ്പിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് കരാറുകാരൻ സമർപ്പിച്ചിട്ടില്ല.

4

| | |
|---|---|
| പ്രൊജക്റ്റ് നം | 281/21 |
| പ്രവൃത്തി | പച്ചക്കറി മാർക്കറ്റിൽ ഷോപ്പിങ് കോംപ്ലക്സ് നിർമാണം |

| | |
|---|---|
| അടങ്കൽ,ഫണ്ട് | 3000000, CFC ഗ്രാന്റ് |
| കരാറുകാരൻ | പി.നന്ദകുമാർ |
| കരാർ | 15/20-21/15.7.20 |
| അളവുപുസ്തകം | 115/20-21 |
| ബിൽ നം, തുക | 5/17/2/21, 749486<br>6/,, 500000<br>9/18/3/21, 188418 |

ഈ പ്രവൃത്തിയുടെ 10ാം ഇനമായ പ്രബലിത കോൺക്രീറ്റ് ചെയ്യതിലേക്കായി 11752.1394 Kg ഉരുക്കകമ്പി ഉപയോഗിച്ചതിന് 74/kg നിരക്കിൽ 869658.29 രൂപ നൽകിയിട്ടുണ്ടെങ്കിലും കമ്പിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് കരാറുകാരൻ സമർപ്പിച്ചിട്ടില്ല.

5.

| | |
|---|---|
| പ്രൊജക്റ്റ് നം | 286/21 |
| പ്രവൃത്തി | ഷീ സ്റ്റേ ഷോപ്പിങ് കോംപ്ലക്സ് നിർമാണം (വനിതകളുടെ തൊഴിൽ വികസനത്തിനായി ഷോപ്പിങ് കോംപ്ലക്സ് നിർമാണം ) |
| അടങ്കൽ, ഫണ്ട് | 9000000 വികസനഫണ്ട് ജനറൽ<br>15000000 സി.എഫ്.സി.ഗ്രാന്റ്<br>ആകെ 2,40,00,000 |
| കരാറുകാർ | കേരള സംസ്ഥാന നിർമിതി കേന്ദ്രം |
| കരാർ | 194/19/12/17 |
| അളവുപുസ്തകം | 11372 (A മുതൽ ((J) വരെ |
| ബിൽ നം, തുക | 2/3/6/19, 24,00,000<br>10/2/3/21, 1,00,000<br>15/29/3/21, 9,00,000<br>2/23/12/21, 12,75,850 |

23785750 രൂപ പ്രവൃത്തിമൂല്യമുള്ള ഈ പ്രവൃത്തിയിൽ താഴെ കാണിക്കും പ്രകാരം കരാറുകാർക്ക് സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള വിവിധ ഇനങ്ങൾക്കുവേണ്ടി തുക നൽകിയിട്ടുണ്ടെങ്കിലും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് അന്തിമബിൽ സമർപ്പിക്കുന്നതുവരെയും കരാറുകാർ സമർപ്പിച്ചിട്ടില്ല.വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ഇനം | ചെയ്ത പ്രവൃത്തി | അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|---|---|
| 1 | 11 | ഉരുക്കകമ്പി ഉപയോഗിച്ചുള്ള പ്രബലിത കോൺക്രീറ്റിങ് | 57220.31 KGM | 69/KBM | 3948201.39 |
| 2 | 13 | ഇഷ്ടികപ്പണി | 311.5131 $M^3$ | 7072.70/M3 | 2203238.37 |
| 3 | 14 | 6mm സിമന്റ് കോൺക്രീറ്റിങ് | 2916.32/$M^2$ | 261.16/M2 | 761626.13 |
| 4 | 47 | വെട്ടിഫൈഡ് ഫ്ലോർ പതിക്കൽ | 526.24$M^2$ | 1364.69/M2 | 718154.47 |
| 5 | 48 | ,, | 51.78$M^2$ | 1098.48/M2 | 56879.29 |
| 6 | 19 | സെറാമിക് ടൈൽ ,, | 172.23$M^2$ | 907.99/M2 | 156383.12 |
| 7 | 23 | സ്റ്റെയിൻലെസ്സ് സ്റ്റീൽ റെയിലിങ് | 563.07KGM | 575.92/KGM | 324283.27 |
| 8 | 11 | പ്രബലിത കോൺക്രീറ്റിങ് | 262.56KGM | 69/KGM | 18116.64 |
| 9 | 12 | 12mm സിമന്റ് കോൺക്കീറ്റിങ് | 43.38$M^2$ | 261.16/M2 | 115793.12 |

| | | | | | |
|---|---|---|---|---|---|
| 10 | 3 | 6mm ,, | 449.84M² | 235.14/M2 | 105775.38 |
| 11 | 4 | അലുമിനിയം പ്രവൃത്തികൾ | 516.75KGM | 468.75/KGM | 242226.50 |
| 12 | 5 | എം.എസ്. ഗ്രിൽ പ്രവൃത്തി | 1363.43KGM | 127.87/KGM | 174341.79 |
| 13 | 12 | സിമന്റ് കോൺക്രീറ്റ് പേവിങ് ടൈൽ പതിക്കൽ | 394.31M² | 778.95/M2 | 307147.72 |

മറ്റ് അപാകതൾ

നഗരസഭാ എൻജിനീയർ 25/1/19 ന് നിർമിതി കേന്ദ്രത്തിന് E1-8776/16 നമ്പർ ആയി അയച്ച കത്തിൽ 23/1/19 ന് ചീഫ് എൻജിനീയർ പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ "Mycem" എന്ന ഗുണനിലവാരം കുറഞ്ഞ സിമന്റ് ഉപയോഗിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. തുടർന്ന് ഗുണനിലവാരം കുറഞ്ഞ സിമന്റ് ഉപയോഗിച്ചിട്ടില്ല എന്ന നി.ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് കരാറുകാർ സമർപ്പിച്ചില്ല എന്ന കാര്യം ഓഡിറ്റ് എൻക്വയറി നമ്പർ 16/19.2.22, 22/21.2.22 എന്നീ എൻക്വയറികൾ പ്രകാരം നഗരസഭാ എൻജിനീയറുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അറിവില്ലായ്മ മൂലമാണ് ഇത് സംഭവിച്ചതെന്നും ഭാവിയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കി മാത്രമേ പ്രവൃത്തികൾ നിർവഹിക്കൂ എന്നും ഉപയോഗിച്ചിട്ടുള്ള സാമഗ്രികളെല്ലാം തന്നെ ഗുണനിലവാരമുള്ളതാണെന്നുമാണ് മറുപടി നൽകിയത്. ഗുണനിലവാരം സാധൂകരിക്കുന്ന രേഖകൾ ആധികാരികമായിതന്നെ സൂക്ഷിക്കേണ്ടതാണ്.

## 1-50 നഗരസഭാ ഹാളില ടൈലുകൾ പൊളിഞ്ഞുപോയത് - കേടുപാടുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭാ കൗൺസിൽ ഹാളിന് എതിർവശത്തുള്ള ഹാളിലെ ഏതാനും ടൈലുകൾ പൊളിഞ്ഞുപോയത് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് നൽകിയ 24/21.2.22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, നേരത്തെ അവിടെ പ്രവർത്തിച്ചിരുന്ന സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങളുടെ ക്യാബിൻ വേർതിരിച്ചിരുന്ന അലുമിനിയം വർക്കുകൾ മാറ്റിയ ഭാഗത്താണ് ഇപ്രകാരം സംഭവിച്ചതെന്നാണ് അസി.എൻജിനീയർ സൂചിപ്പിച്ചിട്ടുള്ളത്. പക്ഷെ നേരത്തയുണ്ടായിരുന്ന പ്രതലം ശരിയാംവണ്ണം പരുക്കനാക്കാതെ ടൈൽ വിരിച്ചതായി പരിശോധനയിൽ കണ്ടിരുന്നു.ഇക്കാര്യം ഇതേ എൻക്വയറിയിൽ തന്നെ സൂചിപ്പിച്ചിരുന്നു കൂടുതൽ ടൈലുകൾ പൊളിഞ്ഞുപോകാനുള്ള സാധ്യതയും മുൻകൂട്ടി അറിയിച്ചിരുന്നു.ആയത് എത്രയും വേഗം പരിഹരിക്കുന്നതാണെന്ന് അസി.എൻജിനീയർ അറിയിച്ചിട്ടുണ്ട്.

## 1-51 കാർപെറ്റിങ്, വിനൈൽ ഫ്ലോറിങ് നടത്തിയത്-ദീർഘകാലം ഈടു നിൽക്കുന്നവയല്ല

ചെയർമാന്റെ മുറിയിൽ കാർപെറ്റിങ്, സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരുടെ മുറിയിൽ വിനൈൽ ഫ്ളോറിങ് നടത്തിയത് - പ്രവൃത്തികൾ ഈടുനിൽക്കുന്നവയല്ല

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 284/21 |
| പ്രവൃത്തി | നഗരസഭാ ഓഫീസ് ഫർണിഷിങ് |
| അടങ്കൽ ,ഫണ്ട് | 900000 (തനതുഫണ്ട്) |
| കരാറുകാർ | കാഡ്കോ |
| കരാർ | 55/19-20/22/10/19 |
| അളവു പുസ്തകം | 54/19-20 |
| വൗച്ചർ നം, തുക | 25-8/20/5.8.20, 8,37,071 രൂപ |

മേൽപറഞ്ഞ പ്രൊജക്റ്റിന്റെ ഭാഗമായി ചെയ്ത കാർപെറ്റിങ് പ്രവൃത്തി,വിനൈൽ ഫ്ലോറിങ് എന്നിവ ദീർഘകാലം ഈടുനിൽക്കുന്നവയല്ല. സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരുടെ മുറിക്കടുത്തുള്ള മുറിയിലും ചെയർമാന്റെയും സെക്രട്ടറിയുടെയും മുറിയിലും നേരത്തെ തന്നെ ടൈൽ ഇട്ടിട്ടുള്ളതായിരുന്നു. ഇവിടെയും ടൈലിങ് പ്രവൃത്തിയായിരുന്നു അഭികാമ്യം. മാത്രമല്ല, വിനൈൽ ഫ്ലോറിങ് ചെയ്തതിൽ പ്രവേശിക്കുന്ന ഭാഗത്ത് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതും ഒരു വർഷത്തെ ഗ്യാരണ്ടി കാലയളവ് കഴിഞ്ഞിട്ടുള്ളതുമാണ്. കരാർ പ്രകാരം സാമ്പിൾ പരിശോധന നടത്തി ഗവ.അംഗീകൃത സ്ഥാപനം അംഗീകരിക്കുന്ന. ഗുണനിലവാരമുള്ള സാധനങ്ങളാണ് സപ്ലൈ ചെയ്യേണ്ടത്. എന്നാൽ സാമ്പിൾ പരിശോധന നടത്തിയതിന്റെ വിവരം ഫയലിലില്ല. വിനൈൽ ഫ്ളോറിങ് കാർപെറ്റിങ് നടത്തിയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

49m² വിസ്തീർണത്തിൽ 538/m² നിരക്കിൽ 26362രൂപ വിനൈൽ ഫ്ളോറിങ് നടത്തിയതിന് ചെലവ് വന്നിട്ടുണ്ട്. 28m² വിസ്തീർണത്തിൽ 645/m² നിരക്കിൽ 18060 രൂപ കാർപെറ്റ് വിരിച്ചതിനുമടക്കം മൊത്തം 44422 രൂപ ചെലവ് വന്നു. ആകെ 77m² ആണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഇത്രയും ഭാഗത്ത് 660X600 Cm വെർടിഫൈഡ് ടൈൽ പതിച്ചിരുന്നുവെങ്കിൽ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 1487.79/m² പ്രകാരം ആകെ 114560 രൂപയാണ് ചെലവ് വരുന്നത്, അതായത് 70138 രൂപ മാത്രം തനതുഫണ്ട് അധികം വകയിരുത്തി പ്രൊജക്റ്റ് നടപ്പിലാക്കിയിരുന്നുവെങ്കിൽ ഈടുറ്റ ആസ്തി സൃഷ്ടിക്കാമായിരുന്നു.

ഈട്ടറ്റ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 വനിതകൾക്കുള്ള ഷോപ്പിങ് കെംപ്ലക്സ് വൈദ്യുതീകരണം - തനതുഫണ്ട് ചെലവ് ക്രമീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ എഞ്ചിനീയർ
പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം | 285/21 |
| അടങ്കൽ,ഫണ്ട് | 2100000, CFC ഗ്രാന്റ് |
| സാങ്കേതികാനുമതി | 93/Ee/LSGD/ele.commitee/19-20/9/10/19, 2000000 രൂപ |

പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന് ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിന് 100KVA കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി ചാവക്കാട് കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ അസി.എൻജിനീയർക്ക് 374556/1.7.20 നമ്പർ ചെക്ക് പ്രകാരം 5,40,992 രൂപ തനതുഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. സി.എഫ്.സി. ഗ്രാന്റ് ലഭ്യമല്ലാത്തതിനാലാണ് ഇപ്രകാരം തനതുഫണ്ട് ചെലവാക്കിയത്.

ഈ തുക ഇതുവരെ തനതുഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ നഗരസഭാ എൻജിനീയർ 16/19.6.22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

തുക തനതുഫണ്ടിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-53 ബിറ്റുമിൻ,ഇമൽഷനുകൾ വാങ്ങിയത് അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

ബിറ്റുമിൻ, ഇമൽഷനുകൾ എന്നിവ വാങ്ങിയതിൽ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | സ്ഥാപനം | അടവാക്കിയ തുക | സ്ഥാപനം നൽകിയ ബിൽ പ്രകാരമുള്ള തുക | ബാക്കി |
|---|---|---|---|---|
| ബിറ്റുമിൻ VG30 | HPCL | 4021026 | 4018914 | 2112 |
| Emulsion,RS1/SS1 | HIMCOLE | 716527 | 707215 | 2312 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (29/25.2.22) മറുപടിയിൽ SS1 ഇമൽഷൻ രണ്ട് ബാരൽ കൂടി ലഭിക്കാനുള്ള തുകയിലേക്ക് ഇത് ക്രമീകരിക്കുമെന്നും HPCL ൽ നിന്ന് 2112 രൂപ തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എൻജിനീയർ അറിയിച്ചിട്ടുണ്ട്.

## 1-54 ഷീ സ്റ്റേ ഷോപ്പിങ് കോംപ്ലക്സ്, വനിതാ ഹോസ്റ്റൽ-വാടകക്ക് നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

2,60,00,000 രൂപ അടങ്കലിൽ ഷീ സ്റ്റേ ഷോപ്പിങ് കോംപ്ലക്സിന്റെ സിവിൽ പ്രവൃത്തികളും ഇലക്ട്രിക് പ്രവൃത്തികളും 2,50,00,000 ലേറെ രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ സ്ത്രീകൾക്ക് താമസിക്കുന്നതിനായി ആറ് മുറികളും കച്ചവടം നടത്തുന്നതിനായി 12 മുറികളും സജ്ജമാക്കിയിട്ടുണ്ടെങ്കിലും ഇവിടെ ആരും താമസിച്ചു തുടങ്ങിയിട്ടില്ല, രണ്ട് മുറികൾ മാത്രമേ ഇതുവരെ വാടകയ്ക്ക് നൽകിയിട്ടുള്ളൂ.

നഗരസഭ 2018-19, 2019-20, 2020-21 വർഷങ്ങളിലായി 33,90,833 രൂപ ചെലവിൽ കൃഷിഭവന്റെ മുകളിലായി നഗരസഭയിലെ വനിതാജീവനക്കാർക്ക് താമസിക്കുന്നതിനായി രണ്ടാം നിലയുടെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് അനുബന്ധ സൗകര്യങ്ങൾ കൂടി ചെയ്തിട്ടുള്ളതാണ്. ഇലക്ട്രിക്കൽ പ്രവൃത്തികൾ 2/22 ന് പൂർത്തിയായതായി 58/3.3.22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട് (ബിൽ തുക നൽകിയിട്ടില്ല).

മേൽപറഞ്ഞ രണ്ട് കെട്ടിടങ്ങളിലെയും മുഴുവൻ മുറികളും വാടകക്ക് നൽകുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
താഴെപ്പറയുന്നവരാണ് മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥർ.
ഷീ സ്റ്റേ ഷോപ്പിങ്ങ് കോംപ്ലക്സ് – നഗരസഭാ എൻജിനിയർ,
വനിതാ ഹോസ്റ്റൽ – അസിസ്റ്റന്റ് എൻജിനിയർ.

## 1-55 UIDSSMT-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – നഗരസഭ സെക്രട്ടറി

കരുവന്നൂർ പുഴയിൽ നിന്ന് ചാവക്കാട്, ഗുരുവായൂർ നഗരസഭകളിലേക്ക് കുടിവെള്ളമെത്തിക്കുക എന്ന പദ്ധതി ഏറ്റെടുത്തിരിക്കുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. 5410.78 ലക്ഷം രൂപ പദ്ധതിച്ചെലവുള്ള ഇതിന്റെ 38% ചാവക്കാട് നഗരസഭയും 92% ഗുരുവായൂർ നഗരസഭയുമാണ് വഹിക്കുന്നത്. ഇതനുസരിച്ച് ചാവക്കാട് നഗരസഭയുടെ വിഹിതം 2056.10 ലക്ഷം രൂപയാണ്. ഇതിനായി നഗരസഭ 1955.71 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിട്ടുള്ളതാണ്.

കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ, തൃശ്ശൂർ എക്സി.എൻജിനീയറുടെ 10/11/19 ലെ കത്തിൽ പ്രൊജക്റ്റ് കോസ്റ്റ് 28.75 ലക്ഷം

രൂപയും എസ്റ്റാബ്ലിഷ്മെന്റ് ചാർജ് 67 ലക്ഷം രൂപയും ഉൾപ്പെടെ ബാക്കി 73.81 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടെ പ്രൊജക്റ്റ് കോസ്റ്റ് പക്ഷെ 2000.10 ലക്ഷം എന്നാണ് കാണിച്ചിരിക്കുന്നത്. ആയതിൽ നഗരസഭ നൽകിയ 1955.71 ലക്ഷം രൂപ കുറച്ചുകാണിച്ചിട്ടുമുണ്ട്. വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ ബാക്കി തുക നാളിതുവരെ നഗരസഭ നൽകിയിട്ടില്ല.

കേരള വാട്ടർ അതോറിറ്റിയുടെ 15/9/21 ലെ കത്തിൽ ചെലവാക്കിയ തുക ബാക്കി അനുവദിക്കുന്നത് സംബന്ധിച്ച് 20/9/21 ന് ഒരു ഹൈ ലെവൽ വീഡിയോ കോൺഫറൻസ് മീറ്റിങ്ങിനെപ്പറ്റി പരാമർശിക്കുന്നുണ്ടെങ്കിലും ആയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ടി പദ്ധതിയിൽ നഗരസഭയിലെ 18 ാം വാർഡിൽ മണത്തലയിൽ 500000 ലിറ്റർ കപ്പാസിറ്റിയുള്ള കുടിവെള്ളടാങ്കം 15 ാം വാർഡിൽ അനു ഗ്യാസ് ഏജൻസിക്ക് സമീപം 1000000 ലിറ്റർ കപ്പാസിറ്റിയുള്ള കുടിവെള്ളടാങ്കം പണിത് കുടിവെള്ളവിതരണം നടത്തുന്നതായി 43/28/2/22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും എത്ര ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നു എന്ന വിവരം രേഖാമൂലം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച വായ്പയെല്ലാം തിരിച്ചടച്ചു എന്നറിയിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച വിവരം രേഖകൾ സഹിതം ഹാജരാക്കിയിട്ടില്ല.

വാട്ടർ അതോറിറ്റിയിൽനിന്ന് വിനിയോഗവിവരം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

### 1-56 തൊഴിലുറപ്പുപദ്ധതിപ്രവർത്തനം

സാമ്പത്തികവർഷം 1564 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 494 കുടുംബങ്ങൾ മാത്രമേ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളൂ. ഇവരിൽ ആർക്കും തന്നെ നൂറ് ദിവസത്തെ തൊഴിൽ ലഭിച്ചിട്ടില്ല. പരമാവധി കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മത്സ്യ വില്പനക്ക് മോട്ടോർസൈക്കിളും ഐസ്ബോക്സും -സബ്സിഡി അധികം നൽകി

പ്രോജക്റ്റ് : So 235/21

അടങ്കൽ : 421500

ഫണ്ട് വികസനഫണ്ട്(ജനറൽ) : 181500

: 2,40,000

നിവഹണ ഉദ്യോഗസ്ഥൻ : സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ചെലവ് : 61500

ട്രഷറി ബിൽ - 2/24.04.20, തുക 61,500/-

ഇ-വൗച്ചർ - 2200178/11.04.20

സ.ഉ.(കൈ) നം 22/2018/ത.സ്വ.ഭ.വ 14-2-2018 ഖണ്ഡിക:6-3 ക്രമ നം, 20, 21 പ്രകാരം മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ്ബോക്സും അടങ്ങുന്ന യൂണിറ്റിന്, യൂണിറ്റ് വില 60,000 രൂപയും, അനുവദനീയമായ സബ്സിഡി, യൂണിറ്റ് വിലയുടെ 50% പരമാവധി 30,000 രൂപയുമാണ്. മത്സ്യ വില്പനക്ക് ഐസ്ബോക്സ് മാത്രം വാങ്ങുന്ന സംഗതിയിൽ യൂണിറ്റ് വില 3,000 രൂപയും, അനുവദനീയമായ സബ്സിഡി, യൂണിറ്റ് വിലയുടെ 50% പരമാവധി 1,500 രൂപയുമാണ്. ഐസ്ബോക്സ് മത്സ്യത്തൊഴിലാളികൾ നേരിട്ട് വാങ്ങിയിട്ടുണ്ട്

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുവദനീയമായതിലും അധികം സബ്സിഡി നൽകിയിട്ടുണ്ട്. മത്സ്യ വില്പനക്കുള്ള മോട്ടോർ സൈക്കിളിന് യഥാർത്ഥ വിലയുടെ 50% ആണ് അനുവദിക്കാവുന്ന സബ്സിഡി. (28,500 രൂപയാണ് സബ്സിഡി ഇനത്തിൽ അനുവദിക്കാവുന്ന പരമാവധി തുക). 3 മത്സ്യത്തൊഴിലാളികൾക്ക് മോട്ടോർ സൈക്കിളിന് യഥാർത്ഥ വിലയുടെ 50% അനുവദിക്കുന്നതിനു പകരം യൂണിറ്റ് വിലയുടെ പരമാവധി 28,500 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവ് | അനുവദനീയമായ സബ്സിഡി, (വാഹന വില) | അനുവദിച്ചത് | അധികം | വാഹനം വാങ്ങിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1. | പി.എ.തിലകൻ | 22115(44230) | 28500 | 6385 | KPM/GST/0094/20-5-20 ടോംസ് മോട്ടോഴ്സ് ചാവക്കാട് |

| | | | | | |
|---|---|---|---|---|---|
| | | | | 6385 | |

അധികമായി അനുവദിച്ച 6,385/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രാരംഭ ബാക്കി | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| തൃശ്ശൂർ കോർപറേഷൻ | 2020-2021 | | 20000000 | Extension And Replacement Of Drinking Water Pipeline For Chavakkad Municipality | 20000000 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000786884384, തീ. 12.05.2020 | 2,11,767 | 2,11,767 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000786884386, തീ. 12.05.2020 | 1,27,483 | 1,27,483 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000824755922, തീ. 16.11.2020 | 3,99,683 | 3,99,683 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000858836710, തീ. 31.03.2021 | 1,29,954 | 1,29,954 | 0 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000824755944, തീ. 16.11.2020 | 9,56,000 | 9,56,000 | 0 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000786884388, തീ. 12.05.2020 | 1,20,000 | 1,20,000 | 0 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | യു.ടി.ആർ -യു 000000786884382, തീ. 12.05.2020 | 7,78,000 | 7,78,000 | 0 |

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മേൽചേർത്തിട്ടുള്ളത്. ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

| ക്രമ നം | കൺവീനറുടെ പേര് | ബിൽ / വൗച്ചർ നം / ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| 1 | IRTC | 20130647005300705218 | 582000 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 2 | Kerala State Nirmmidhi Kendra | 20130647002901430924 | 900000 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

നീക്കിയിരിപ്പ് വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചില്ല. ആയത് ചെയ്യേണ്ടതാണ്.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | - | - | 53920000 | 6733334 | | 47186666 |
| PMAY | - | 10000000 | - | - | | 10000000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1913741 |
| ഇക്വിറ്റി ഷെയർ | 1000100 |
| തൻവർഷം നിക്ഷേപിച്ച തുക | 10173577 |
| ആകെ | 13087418 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (പഞ്ചാബ് നാഷണൽ ബാങ്ക്, ചാവക്കാട്) | 13087418 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

വിവരം നഗരസഭ ലഭ്യമാക്കിയില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 26,26,34,687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27,97,97,305 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6385 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2075449 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6385 | ഫാത്തിമ പി.എ. , സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 320000 | വിശ്വനാഥൻ കെ.ബി. , സെക്രട്ടറി |
| 1-31 | 596583 | വിശ്വനാഥൻ കെ.ബി. , സെക്രട്ടറി |
| 1-37 | 326160 | നാസർഖാൻ കെ.എൻ. , അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ |
| 1-37 | 311282 | ഷീജ വി ,അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ |
| 1-38 | 521424 | വിശ്വനാഥൻ കെ.ബി. , സെക്രട്ടറി |
| | 2075449 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിശ്വനാഥൻ കെ.ബി. , സെക്രട്ടറി | സെക്രട്ടറി, ചാവക്കാട് നഗരസഭ | കോറമ്പിൽ ഹൗസ്, വെണ്മേനാട് പി.ഒ, പാവറട്ടി (Via), തൃശ്ശൂർ -680507 |
| നാസർഖാൻ കെ.എൻ. , അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | റിട്ടയേഡ് | കണ്ടത്തിൽ വീട്, കുമ്മനം പി ഒ, കോട്ടയം, 686005 |
| ഷീജ വി, അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, തിരുവല്ല കൃഷിഭവൻ | സിസി 43/728, പൗർണ്ണമി നഗർ, അമലേശ്വരം, മണക്കാട്, സെക്കന്റ് സ്ട്രീറ്റ് ഹൗസ്-23, തിരുവനന്തപുരം |
| ഫാത്തിമ പി.എ. , സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ചാവക്കാട് ബ്ലോക്ക് | പോക്കാക്കില്ലത്ത് ഹൗസ്, താന്ന്യം, പെരിങ്ങോട്ടുകര പി.ഒ, പിൻ- 680565 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1961-62 | എൽ.എഫ്,ടി.4-653/87 തീ.20.04.87 | 5 |
| 64-65 | എൽ.എഫ്.ടി.4-4451/77 തീ.03.09.77 | 15 |
| 65-66 | എൽ.എഫ്.ടി.4-4451/77 തീ.30.09.77 | 7 |
| 66-67 | എൽ.എഫ്.ടി.4-4451/77 തീ.03.09.77 | 6 |
| 73-74 | എൽ.എഫ്.ടി.4-657/87 തീ.20.04.87 | 13 |
| 74-75 | എൽ.എഫ്.ടി.4-417/88 തീ.10.03.88 | 20 |
| 75-76 | എൽ.എഫ്.ടി.4-656/87 തീ.20.04.87 | 21 |
| 76-77 | എൽ.എഫ്.ടി.2(സി)1249/77 തീ.05.08.79 | 38 |
| 77-78 | എൽ.എഫ്.ടി.4-417/88 തീ.10.03.88 | 19 |
| 78-79 | എൽ.എഫ്.ടി.4-718/87 തീ.25.04.87 | 77 |
| 79-80 | എൽ.എഫ്.ടി.4-719/87 തീ.25.04.87 | 8 |
| 80-81 | എൽ.എഫ്.ടി.4-2548/88 തീ.28.06.88 | 11 |
| 81-82 | എൽ.എഫ്.ടി.4-240/91 തീ.03.04.91 | 56 |
| 82-83 | എൽ.എഫ്.Office Of The Joint Director Ofടി.4-1954/88 തീ.12.05.89 | 60 |
| 83-84 | എൽ.എഫ്.ടി.4-683/90 തീ.06.08.90 | 55 |
| 84-85 | എൽ.എഫ്.ടി.4-1236/93 തീ.10.11.93 | 31 |
| 85-86 | എൽ.എഫ്.ടി.4-45/93 തീ.12.11.93 | 59 |
| 86-87 | എൽ.എഫ്.ടി.4-627/94 തീ.17.11.95 | |
| 87-88&88-89 | എൽ.എഫ്.ടി.4-1906/95 തീ.25.05.96 | |
| 89-90,90-91&91-92 | എൽ.എഫ്.ടി.4-638/96 തീ.30.11.96 | |
| 92-93 | എൽ.എഫ്.ടി.4-7/97 തീ.15.12.97 | |
| 93-94 | എൽ.എഫ്.ടി.4-1304/05 തീ.23.11.05 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-461/98 തീ.23.11.05 | |
| 97-98 | എൽ.എഫ്.ടി.4-1283/99 തീ.15.05.2000 | |
| 98-99 | എൽ.എഫ്.ടി.4-1251/01 തീ.01.01.05 | |
| 99-00 | എൽ.എഫ്.ടി.4-245/04 തീ.17.01.06 | |
| 2000-01 | എൽ.എഫ്.ടി.4-250/05 തീ.16.06.2005 | |
| 94-95, 95-96 (വരവ് ചെലവ്) | എൽ.എഫ്.ടി.4-1495/08 തീ.21.12.09 | |
| 96-97 | എൽ.എഫ്.ടി.4-1496/08 തീ.21.12.09 | |

| | | |
|---|---|---|
| 97-98 | എൽ.എഫ്.ടി.4-1497/08 തീ.21.12.09 | |
| 98-99 | എൽ.എഫ്.ടി.4-1498/08 തീ.21.12.09 | |
| 99-00 | എൽ.എഫ്.ടി.4-1499/08 തീ.21.12.09 | |
| 00-01(വരവ്) | എൽ.എഫ്.ടി.4-1500/08 തീ.21.12.09/15.03.2010 | |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1331/05 തീ.17.01.06/29.05.06 | |
| 2002-03 (വരവ് | എൽ.എഫ്.ടി.4-695/09 തീ.28.08.10 | |
| 2003-04 (വരവ് ചെലവ്) | എൽ.എഫ്.ടി.4-696/09 തീ.04.09.2010 | |
| 04-05 | എൽ.എഫ്.ടി.4-697/09 തീ.06.04.10 | |
| 05-06 | എൽ.എഫ്.ടി.എം.-348/11 തീ.02.11.11 | |
| 06-07 | എൽ.എഫ്.ടി.4-349/11 തീ.02.11.11 | |
| 07-08 | എൽ.എഫ്.ടി.(എം)2599/11 തീ.23.01.12 | |
| 08-09 | എൽ.എഫ്.ടി.(എം)2600/11 തീ.23.01.12 | |
| 09-10 | എൽ.എഫ്.ടി.(എം) 110/12 തീ.28.05.12/17.7.12 | |
| 10-11(ചെലവ്) | എൽ.എഫ്.ടി.(എം) 111/12 തീ.28.05.12/07.07.12 | |
| 11-12 | എൽ.എഫ്.ടി.എം.-26/2013 തീ.10.04.2013/16.08.2013 | |
| 12-13 | എൽ.എഫ്.ടി.(എം.)794/14 തീ. 01.10.2014/09.12.2014 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.എം-1417/15/17.11.15/14.12.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1438/16, തീ. 08.08.2016 | |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(എം)118/17, തീ. 31.1.17 / 13.2.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(എം)1753/17,തീ. 19.12.17 / 16.01.18 | |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(എം)596/19, തീ. 17.07.19 | |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ.(എം)367/2020, തീ.21.05.2020 | |
| 19-20 | കെ.എസ്.എ.ടി.എസ്.ആർ.(എം2)336/2022, തീ.01.07.22 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്